
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2015 ഏപ്രിൽ
വില ₹15






# മലാലയുടെ കഥ

രചന കെ എം ലെനിൻ

ചിത്രീകരണം ബാബുരാജൻ

**വായനാപ്രേമികൾക്കായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുസമ്മാനം. നോബൽ സമ്മാനജേതാവായ മലാലയുടെ കഥ കുട്ടികൾക്കായി പുറത്തിറക്കിയിരിക്കുന്നു.**

- പേജുകൾ 200
- വലിപ്പം ഡിമൈ 1/8
- വില 140രൂപ

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം
**ഏപ്രിൽ 2015**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

# തളിര്

## ഉള്ളടക്കം

## നമ്മൾക്കിടയിൽ ഒരു കടുവയുടെ ജീവിതം

6



**എൻ എ നസീർ**

കാടിന്റെ ഭാഗമായി ഇഴുകിച്ചേർന്ന് കടുവയുടെ തൊട്ടടുത്തു ചെന്ന് എടുക്കുന്ന ഫോട്ടോകൾ പറയുന്നത് കടുവകളുടെ മാത്രമല്ല, കാടിന്റെ കൂടി കഥകളാണ്.

## പൊട്ടൻ ചിപ്പു

**സാറാ ജോസഫ്**

12



എല്ലാ മനുഷ്യർക്കുമുണ്ട് അവരുടേതായ പ്രത്യേകതകൾ. പൊട്ടൻ ചിപ്പുവിനുമുണ്ട് ഒട്ടേറെ കഴിവുകൾ...



## ഫോണുകൾ ഫോണുകളല്ലാതാകുന്ന കാലം

**വി കെ ആദർശ്**

16

ഫോണുകൾ ജീവിതത്തിലെ എല്ലാക്കാര്യങ്ങളെയും നിയന്ത്രിക്കുന്ന ഒരു കാലം നമുക്കുമുന്നിലുണ്ട്. എല്ലാം സ്മാർട്ട് ആകുന്ന ഒരു കാലം.

**മുന്നുര** ................................4

**കവിതാപരിചയം**......................11
കുമാരനാശാൻ

**ആനക്കാര്യം** ............................15
രാജീവ് എൻ ടി

**അന്വേഷണം**...........................21
നജീം സുൽത്താൻ

**ജാതകകഥ**..............................22
വെങ്കി

**ആരോഗ്യം**..............................26
ഡോ. ബി പത്മകുമാർ

**പച്ചക്കടൽ**..............................29
തകഴി ശങ്കരനാരായണൻ

**മണ്ണിൽനിന്നും മരുന്നോ!**.........30
എസ് ശിവദാസ്

**അയ്യപ്പൻകുട്ടി**.........................32
വയലാർ ഗോപാലകൃഷ്ണൻ

**സ്കൂൾ ഡെയ്സ്**.....................33
രാജീവ് എൻ ടി

**ആകാശക്കാഴ്ചകൾ**..............34
ഷാജി അരിക്കാട്

**വയസ്സനും പക്ഷികളും**...........36
അർഷാദ് ബത്തേരി

**മഹാഭാരതം**..........................40
സുഗതകുമാരി

**പുസ്തകപരിചയം**..................42
ഡോ. പി കെ രാജശേഖരൻ

**സിനിമാപരിചയം**...................44
വിനു എ

**അക്ഷരചിത്രം**........................51
ഭരണിക്കാവ് കൃഷ്ണൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**ഡോ. നെടുമുടി ഹരികുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേ ഔട്ട്
**വിഷ്ണു പി എസ്**

കവർ
**ഇന്ദു ഹരികുമാർ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

www.ksicl.org





# കണിക്കൊന്ന എന്നെ മറന്നില്ല

മൂന്നുനാലു വർഷങ്ങൾക്കു മുൻപ് തിരുവനന്തപുരത്തു വഞ്ചിയൂരിലുള്ള അഭയയുടെ വനിതാകേന്ദ്രമായ അത്താണിക്കു മുന്നിലും വികസനം വന്നു! ഓട വലുതാക്കണം, റോഡു വീതികൂട്ടണം. ഞങ്ങളുടെ പെണ്ണുങ്ങൾ കുടിപാർക്കുന്ന പഴയ കെട്ടിടത്തിന്റെ മുറ്റത്തിൽ പകുതിയും അളന്നെടുക്കപ്പെട്ടു. ഗൗരീഗാത്രക്കുലകൾ നിറഞ്ഞുനിന്ന രണ്ടു വലിയ തെങ്ങും കായ്ച്ചു തുടങ്ങിയൊരു ചെറുമാവും പ്ലാവും പേരറിയാത്തൊരു നെടിയ കാട്ടുമരവും കരിനൊച്ചിപ്പൊന്തയും പടർന്നു നിൽക്കുന്ന കണിക്കൊന്നമരവുമെല്ലാം സർക്കാർ അളന്നെടുത്ത അതിരിനുള്ളിലായി. ഒട്ടനവധി ചർച്ചകളും ആലോചനകളുമെല്ലാം നടന്നുവെങ്കിലും ഒടുവിൽ എല്ലാം വിട്ടുകൊടുക്കേണ്ടിവന്നു. കണിക്കൊന്നമരം തീർച്ചയായും വെട്ടാതെ പുതിയ റോഡിനരികിൽ നിർത്തിക്കൊള്ളാമെന്ന് ഒരിക്കലല്ല, പലവട്ടം അധികൃതർ വാക്കുതന്നു. ജെ സി ബി വന്നു, തൊഴിലാളികൾ വന്നു. ആ നിറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി. പേരറിയാമരവും നൊച്ചിപ്പൊന്തയും ചെറിയ മാവും പ്ലാവുമെല്ലാം വെട്ടിമാറ്റപ്പെട്ടു. കണിക്കൊന്ന മരം ഞങ്ങളുടെ മുറ്റത്തിനു പുറത്തായി. തണൽവീശിനിന്ന കൊന്നമരം, അധികൃതർ തന്നെ വാക്കനുസരിച്ച് റോഡരികിൽത്തന്നെ നിൽക്കുന്നത് ഞാൻ ആശ്വാസത്തോടെ കണ്ടു. എല്ലാ വർഷവും ആ പ്രദേശം മുഴുവനും പൊൻമഞ്ഞപ്പൂക്കൾ കാറ്റത്തു വാരിവിതറുന്ന ആ വലിയ മരമെങ്കിലും രക്ഷപ്പെട്ടല്ലോ.

പക്ഷേ അതിനു പിന്നാലെ ഓടവെട്ടൽ വന്നു. ആ വഴിയരികിൽ മാറിനിന്ന മറ്റു പല മരങ്ങളെയും കൊന്നുവീഴ്ത്തിക്കൊണ്ട് ആ ഓടപ്പണി കൊന്നച്ചുവട്ടിലേക്കു നീങ്ങു

കയാണ്. ഞാൻ അധികൃതരെ വീണ്ടുംവീണ്ടും വിളിച്ച് അവരുടെ വാഗ്ദാനം ഓർമ്മിപ്പിച്ചു. ഒരൽപ്പം മാറ്റി ഓട കുഴിച്ചിരുന്നെങ്കിൽ എത്രയോ മരങ്ങൾ നിലനിർത്താമായിരുന്നെന്ന് ഞാൻ വാദിച്ചു. അവർ വീണ്ടും പറഞ്ഞു. 'ഞാൻ ടീച്ചർക്കു വാക്കുതന്നതാണ്, ആ കൊന്നമരം വെട്ടുകയില്ല.' ഓട അല്പം മാറ്റിക്കുഴിച്ചെങ്കിലും കൊന്നമരത്തിന്റെ വലിയ വേരുകൾ പകുതിയോളം വെട്ടിമാറ്റിക്കഴിഞ്ഞിരുന്നു. വീണ്ടും സംശയങ്ങൾ, ചർച്ചകൾ 'ഇല്ല, ആ മരം വെട്ടുകയില്ല.' വാഗ്ദാനങ്ങൾ വീണ്ടും ഉണ്ടായി. ആർക്കും ആ കൊന്ന നിൽക്കുന്നതിൽ താത്പര്യമില്ല. എതിർപ്പുണ്ടുതാനും. എങ്കിലും എന്റെ നിർബന്ധം മൂലം അവർ സമ്മതിക്കുകയായിരുന്നു.

കൊന്നമരം വാടിത്തുടങ്ങി ഇലകളെല്ലാം പൊഴിഞ്ഞു തളർന്നുനിൽക്കുന്ന ആ മരത്തെ നോക്കി ഞാനേറെ വ്യസനിച്ചു. വേരുകൾ കുറെ മുറിഞ്ഞുപോയിട്ടും അത്തവണയും ആ ക്ഷീണിതയായ കൊന്ന പൂത്തു. പൂക്കൾ വാരിയണിഞ്ഞു ചമഞ്ഞ ആ മരം കാറ്റത്തു വീണുപോകാതെ തറകെട്ടി നിർത്തിത്തരാമെന്നു വനംവകുപ്പുകാർ എന്നെ ആശ്വസിപ്പിച്ചു.


പക്ഷേ ഒരു തിങ്കളാഴ്ച രാവിലെ അത്താണിയിൽനിന്നു ഫോൺ വന്നു. 'നമ്മുടെ കൊന്നമരം കാണാനില്ല!' കാണാനില്ലേ? ആരു വെട്ടി? എന്തിനു വെട്ടി? ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല. വെട്ടിമുറിച്ച മരക്കുറ്റിയും ചിതറിയ ഇലകളും വാടിയ പൂക്കളും ബാക്കി. റോഡ് ഫണ്ട് ബോർഡുകാർ പറഞ്ഞു 'ഞങ്ങൾ വെട്ടിയിട്ടില്ല. ടീച്ചറിനു ഞങ്ങൾ ഉറപ്പുതന്നതല്ലേ?' കൗൺസിലർ കൈമലർത്തി 'ഞാനറിഞ്ഞിട്ടില്ല.' നാട്ടുകാർ പരസ്പരം നോക്കി 'ഞങ്ങളാരുമല്ല.' ചോരയൊലിക്കുന്ന ആ മരച്ചുവട് തൊട്ടുതൊഴുതു മാപ്പു പറഞ്ഞ് ഞാൻ കയറിപ്പോന്നു. ഇനിയൊന്നും ചെയ്തിട്ടു ഫലമില്ല.

അടുത്ത രണ്ടു വർഷങ്ങൾ അങ്ങനെ കടന്നുപോയി ചുവന്ന തേങ്ങകളില്ലാതെ, മാങ്ങയില്ലാതെ, ചക്കയില്ലാതെ, കൊന്നപ്പൂക്കളില്ലാതെ ശൂന്യമായി. ഞങ്ങൾ മതിലിനുള്ളിൽ നട്ടിരുന്ന കിളിപ്പഴം (Bird Cherry) വളർന്നു പന്തലിച്ചു തണൽ വീശിത്തുടങ്ങി. ഗേറ്റിനുള്ളിൽ ഇടതുവശത്തുള്ള പൊന്തച്ചെടികളും വേപ്പും നെടിയ ചെമ്പകമരവും ബാക്കിയുണ്ട്.

ഒരു ദിവസം പതിവുപോലെ ഞാൻ കയറിവന്നപ്പോൾ മുറ്റത്തിനു കുറുകെ ഒരു നീണ്ടകമ്പിൽ ഒരു കൊന്നപ്പൂങ്കുല തൂങ്ങിക്കിടക്കുന്നു. ഞാൻ ശ്രദ്ധിക്കാതെ അകത്തുകയറിപ്പോയി. കുട്ടികളാരോ കൊണ്ടുവന്നു കെട്ടിത്തൂക്കിയതാണ്, ഇത്തിരി ശുണ്ഠിയോടെ ഞാൻ ചോദിച്ചു. 'ആരാണീ പൂക്കൾ ഇവിടെ കൊണ്ടുവന്നു കെട്ടിത്തൂക്കിയത്? വാടിപ്പോകില്ലേ? ഒരു പൂപ്പാത്രത്തിൽ വെള്ളമൊഴിച്ചു വയ്ക്കരുതോ?' എന്ന ചോദ്യത്തിനു ചിരി കിലുങ്ങുന്ന മറുപടി കിട്ടി 'ടീച്ചറമ്മാ, അതു കെട്ടിത്തൂക്കിയതല്ല. ആ കൊമ്പിൽ പൂത്തതാണ്.' അമ്പരപ്പോടെ ഞാൻ ഇറങ്ങിച്ചെന്നു നോക്കിയപ്പോൾ അതാ പൊന്തയ്ക്കിടയിൽ ഉയർന്നുവന്നിരിക്കുന്നു മെലിഞ്ഞ രണ്ടുമൂന്നു കമ്പുകൾ! ഒരു കണിക്കൊന്ന! ഞാൻ നട്ടതല്ല, ആരും നട്ടതല്ല! കൊല്ലപ്പെട്ട ആ കൊന്നമരം ഭൂമിക്കടിയിലൂടെ വേരുകൾ നീട്ടി ഞങ്ങൾക്കരികിൽവന്ന് ഉയിർത്തെണീറ്റതാണ്! തൈ വച്ചതാണെങ്കിൽ ഇത്ര പെട്ടെന്നു പൂക്കുകയില്ലല്ലോ. അടിവേരിൽനിന്നും പൊട്ടിമുളച്ചതാണ്. ഞാൻ നിറഞ്ഞ കണ്ണുകളോടെ കണ്ടുനിന്നു. ആ മെലിഞ്ഞ കമ്പുകളെല്ലാം മൊട്ടിട്ടിരിക്കുന്നു! വെട്ടപ്പെട്ട ആ കൊന്നമരത്തെ അത്രമേൽ എനിക്കിഷ്ടമായിരുന്നെന്ന് അവൾക്കറിയാമായിരുന്നുവല്ലേ? അല്ലെങ്കിൽ എങ്ങനെ മണ്ണിനടിയിലൂടെ ഒളിച്ചുനീങ്ങി എന്റെയടുത്തേക്ക് പിന്നെയും വന്നു? സ്നേഹസാന്ത്വനമായി പിന്നെയും വന്നുചിരിച്ചു പൊൻവിളങ്ങി നിന്നു?

**കൊന്നമരം വാടിത്തുടങ്ങി ഇലകളെല്ലാം പൊഴിഞ്ഞ് തളർന്നു നിൽക്കുന്ന ആ മരത്തെ നോക്കി ഞാനേറെ വ്യസനിച്ചു. വേരുകൾ കുറെ മുറിഞ്ഞുപോയിട്ടും അത്തവണയും ആ ക്ഷീണിതയായ കൊന്ന പൂത്തു. പൂക്കൾ വാരിയണിഞ്ഞു ചമഞ്ഞ ആ മരം കാറ്റത്തു വീണുപോകാതെ തറകെട്ടി നിർത്തിത്തരാമെന്ന് വനംവകുപ്പുകാർ എന്നെ ആശ്വസിപ്പിച്ചു.**

സ്നേഹപൂർവം
**സുഗതകുമാരി**



# നമ്മൾക്കിടയിൽ ഒരു കടുവയുടെ ജീവിതം

എൻ എ നസീർ



**‘രാവിൻ മധ്യത്തിൽ തീക്കട്ടപോലിരിക്കും വ്യാഘ്രം!’ - പ്രസിദ്ധ ഇംഗ്ലീഷ് കവി വില്യം ബ്ലേക്ക് പ്രകൃതിയുടെ മഹത്തായ സൃഷ്ടിയായ കടുവയെ വാഴ്ത്തിപ്പാടിയതിങ്ങനെയാണ്. കേരളത്തിലെ വനങ്ങളിൽ എതിരാളികളില്ലാതെ വാണ കടുവ ഇന്ന് തോക്കിൻതുമ്പിലമരാൻ വെമ്പുന്ന വിരൽത്തുമ്പുകളുടെ കാരുണ്യത്തിനായി കേഴുകയാണ്. കാട്ടിൽനിന്നും നാട്ടിലേക്ക് കടുവയിറങ്ങിയെങ്കിൽ അതിനു കാരണം കാടില്ലാതാക്കുന്ന നമ്മൾതന്നെയല്ലേ? മരണത്തിനും ജീവിതത്തിനുമിടയിലെ വിമോചനത്തിന്റെ വഴി കാത്തുകിടക്കുന്ന കടുവകളെക്കുറിച്ച് എൻ എ നസീർ എഴുതുന്നു.**

തീരെ പ്രതീക്ഷിക്കാതെയാണ് ഞാൻ അവനെ കണ്ടത്. ആ ചെറിയ അരുവിയോരത്തുകൂടി കുരങ്ങുകളുടെ ശബ്ദകോലാഹലങ്ങളെ തിരയുകയായിരുന്നു ഞാൻ. വയനാടൻ കാടുകളുടേതായ മുളംകൂട്ടങ്ങൾക്കിടയിലൂടെയും ചില ഇലപൊഴിയും വൃക്ഷങ്ങൾക്കിടയിലൂടെയും അത്രയൊന്നും ജലസമ്പന്നതയില്ലാത്ത ആ അരുവി എന്നെ കാടിന്റെ പ്രൗഢഗംഭീരമാർന്ന മനോഹര ദൃശ്യത്തിലേക്ക് എത്തിക്കുകയായിരുന്നു. വെട്ടിത്തിളങ്ങുന്ന ജലത്തിലിറങ്ങി അവനരികിലേക്കു വിസ്മയത്തോടെ ഞാൻ സാവകാശം അടുത്തു. അരുവിയിലുടനീളം ഉരുണ്ട വലിയ കല്ലുകളുണ്ടായിരുന്നു.

പെട്ടെന്നവൻ എന്റെ നേരെ ശിരസ്സു തിരിച്ചു. അത്ഭുതവും ഉത്കണ്ഠയും നിസ്സംഗതയുമൊക്കെ മനോഹരമായ ആ മുഖത്തു മാറിമാറിവരുന്നത് ശ്രദ്ധിച്ചുകൊണ്ട് ഞാൻ മുന്നിലെ കല്ലിൽ ഇരുന്നു. ഉഷ്ണത്തെ മറികടക്കുവാനോ എന്തെങ്കിലും ഒരു ഇരയെ മീൻപിടുത്തത്തിലൂടെ വീഴ്ത്തി ഭക്ഷണത്തിനുശേഷമുള്ള ക്ഷീണം അകറ്റുവാനുമൊക്കെ ആയിരിക്കണം അവൻ ആ ജല

കുളിർമയിൽ എത്തിയത്.

പിന്നെയും കുരങ്ങുകളുടെ ബഹളം. അവൻ ശിരസ്സ് അങ്ങോട്ടു തിരിച്ചപ്പോൾ ഞാൻ കുറേക്കൂടി അവനരികിലേക്കു നീങ്ങി അടുത്ത കല്ലിൽ സ്ഥാനം പിടിച്ചു. ക്യാമറയുടെ ശബ്ദം കേട്ടിട്ടോ എന്റെ ഗന്ധം അറിഞ്ഞിട്ടോ ആകാം വീണ്ടും എനിക്കു നേരെ തിരിഞ്ഞു. നാവുകൊണ്ട് മുഖത്തു തങ്ങി നിൽക്കുന്ന ജലകണങ്ങൾ നക്കിയെടുത്തു. പിന്നെ കണ്ണുകൾ അടച്ചുതുറന്നു വീണ്ടും എന്നെ നോക്കി. ശിരസ്സു കുടഞ്ഞപ്പോൾ ജലത്തുള്ളികൾ ചിതറി. ഇതെല്ലാം വ്യക്തമായി കാണുന്ന അത്രമാത്രം അരികിലായിരുന്നു ഞാനപ്പോൾ.

ജലം ഇറ്റുവീഴുന്ന ദേഹത്തോടെ അവൻ എഴുന്നേറ്റു. പിന്നെ എന്റെ നേരെ വായ്തുറന്നു പല്ലുകൾ വ്യക്തമാക്കി. അതൊരു പരിചയക്കാരന്റെ ചിരിയായി ഇന്നും ഞാൻ കാണുന്നു. മുളംകൂട്ടത്തിനിടയിലേക്കു മറയുന്ന ആ മനോഹരരൂപം നോക്കി ഞാനിരുന്നു.

അതാണു കടുവ!!

ചുറ്റും വ്യാപിച്ചു കിടക്കുന്ന കാനനത്തിലൂടെ നീളും ഗ്രാമപഥങ്ങൾ കണ്ടുമടുത്ത കടുവ. വയനാടൻകാടുകളുടെ പ്രത്യേകതയും അതാണല്ലോ. കാടിനിടയിൽ നാടും നാടിനിടയിൽ കാടും. മനുഷ്യർക്കും വന്യജീവികൾക്കും ഇടയിൽ സംഘർഷം ഉടലെടുക്കുന്ന വനമേഖല. ഒരു കാട്ടുജീവി അതിന്റെ ഇണയെയോ ഇരയെയോ തേടിപ്പോകണമെങ്കിൽ ഇവയ്ക്കിടയിലൂടെയാണു സഞ്ചരിക്കേണ്ടത്. അതിനിടയിലെപ്പോഴോ കാടാകെ ശോഷിച്ചുപോയി. അതു മനുഷ്യരുടെ ഇടപെടൽ ഒന്നുകൊണ്ടുമാത്രമായിരുന്നു. വളർത്തുമൃഗങ്ങളെ തുറന്നുവിടാനും കൃഷി ഇറക്കുവാനും വൃക്ഷങ്ങൾ വെട്ടി എടുക്കുവാനുമൊക്കെ കാടിനെ ഒരുപാട് ഉപയോഗിച്ചു. കൂടാതെ വനംവകുപ്പിന്റെ പഴയ വനവത്കരണം തേക്ക്, യൂക്കാലിപ്റ്റസ് തോട്ടങ്ങൾ സൃഷ്ടിച്ച് വന്യജീവികളെ ആഹാരമില്ലായ്മയുടെയും ഭക്ഷണമില്ലായ്മയുടെയും ലോകത്തിലേക്കു നയിച്ചു.

## കടുവയുള്ള കാട്

ഫുഡ്ചെയിന്റെ മുകളിൽ നിൽക്കുന്ന ജീവിയാണ് കടുവ. വ്യത്യസ്തങ്ങളായ ഇരകൾ. ജലമൊഴുകുന്ന നീരുറവകൾ. മേച്ചിൽപ്പുറങ്ങളും നിഗൂഢമായ ഇരുളും കൊണ്ടൊക്കെ ആ കാട് ഏറെ സമ്പന്നമായിരിക്കും. പക്ഷേ ഇവയൊക്കെ വയനാടൻകാടുകളിലെ കടുവകൾക്ക് അപ്രാപ്യമായിക്കൊണ്ടിരിക്കുന്ന കാലമാണിത്.

**ചുറ്റും വ്യാപിച്ചു കിടക്കുന്ന കാനനത്തിലൂടെ നീളും ഗ്രാമപഥങ്ങൾ. വയനാടൻ കാടുകളുടെ പ്രത്യേകതയും അതാണല്ലോ. കാടിനിടയിൽ നാടും നാടിനിടയിൽ കാടും. മനുഷ്യർക്കും വന്യജീവികൾക്കും ഇടയിൽ സംഘർഷം ഉടലെടുക്കുന്ന വനമേഖല. ഒരു കാട്ടുജീവി അതിന്റെ ഇണയെയോ ഇരയെയോ തേടിപോകണമെങ്കിൽ ഇവയ്ക്കിടയിലൂടെയാണു സഞ്ചരിക്കേണ്ടത്.**



NA. Naseer



8 മനുഷ്യർ എല്ലായ്പ്പോഴും മനുഷ്യർക്കുവേണ്ടി മാത്രമേ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുള്ളൂ എന്ന് കാട്ടിലെ നമ്മുടെ ഇടപെടലുകളിൽ ശ്രദ്ധിച്ചാൽ വ്യക്തമാകും. യാതൊരു നിയന്ത്രണവുമില്ലാത്ത കയ്യേറ്റങ്ങൾ, ക്വാറികൾ, കാട്ചുട്ടെരിക്കൽ, വൃക്ഷങ്ങൾ വെട്ടിവീഴ്ത്തൽ അങ്ങനെ പോകുന്നു. നമ്മുടെ വന്യജീവിസങ്കേതങ്ങളാണെങ്കിലോ, ആകെ മാറിപ്പോയി, കടുവയുടെ കോൺക്രീറ്റു പ്രതിമ ഉണ്ടാക്കിയും ഫ്ളക്സിൽ കടുവച്ചിത്രങ്ങൾ പ്രിന്റുചെയ്തും. ചില്ലുകൊട്ടാരങ്ങളും കോൺക്രീറ്റു കെട്ടിടങ്ങളും പുതുറോഡുകളുമൊന്നുമല്ല കാട്ടിൽ അവർക്കുവേണ്ടത്. ഇതൊക്കെ മനുഷ്യർക്കല്ലേ നിർമിച്ചുകൊണ്ടിരിക്കുന്നത്? ഇവ എന്തു പ്രയോജനമാണ് കാട്ടിലെ ജന്തുസസ്യജാലങ്ങൾക്കു നൽകുന്നത്? അവയുടെ സ്വൈരജീവിതത്തെ ഒന്നാകെ താറുമാറാക്കുകയല്ലേ ചെയ്യുന്നത്?

നിദ്രയിലാണ്ടുകിടക്കുന്ന ഒരു കടുവയുടെ ഏറെ അരികിലേക്കു പൂഴിയിലൂടെ ഇഴഞ്ഞു ചെന്നത് ഇപ്പോഴും കാടുകയറ്റങ്ങളിൽ ഓർമിക്കാറുണ്ട്. ഷോളയാർകാടിന്റെ കറുത്തപച്ചയിൽ അത്തരം ഒരു ദർശനം എത്രമാത്രം ആഹ്ലാദകരമായിരുന്നു. ഇടയ്ക്കിടെ ആ മനോഹര മൃഗം അതിന്റെ ചെവികളിൽ വന്നിരിക്കുന്ന ചെറുപ്രാണികളെ അകറ്റുവാനെന്നവണ്ണം തല ചലിപ്പിച്ചുകൊണ്ടിരുന്നു. അതിനിടയിൽ പൊടുന്നനെ ശിരസ്സുയർത്തി എനിക്കു നേരെ നോക്കിയത് ഏറെ ഗൗരവത്തോടെയാണെങ്കിലും, ഒരു മനുഷ്യനായി എന്നെ കണ്ടുകാണില്ല എന്നു ഞാൻ കരുതുന്നു. അത്രമാത്രം പുഴയിലെ മണൽപ്പരപ്പിനോടു ചേർന്നായിരുന്നു കിടന്നിരുന്നത്. കടുവ വീണ്ടും ശിരസ്സു താഴ്ത്തി നിദ്രയിലേക്ക് ആണ്ടുപോയി. ഏറെനേരമൊന്നും ഞാൻ അവിടെ തങ്ങിയില്ല. മെല്ലെ പൂഴിയിലൂടെ തിരികെ ഇഴഞ്ഞു പിൻവാങ്ങുകയായിരുന്നു. എന്നിട്ടും കുറച്ചകന്നുമാറി കാവ്യാത്മകമായ ആ നിദ്രയുടെ മനോഹാരിത നോക്കിനിന്നു.

പലപ്പോഴും ചിന്തിക്കാറുണ്ടായിരുന്നു, എന്തുകൊണ്ടാണ് ഇവയൊന്നും ആക്രമിക്കാൻ വരാതിരുന്നത്?

ഒരു കടുവയ്ക്കുമുന്നിൽ ഒരു മനുഷ്യൻ ചെന്നുപെട്ടാൽ, കടുവയ്ക്കതു മറ്റൊരു ജീവി മാത്രമായിട്ടേ തോന്നുകയുള്ളൂ. അല്ലാതെ യാതൊരു പ്രത്യേകതയും അതിനു തോന്നുവാൻ വഴിയില്ല. മനുഷ്യനു മാത്രമേ മനുഷ്യൻ എന്തൊക്കെയോ വലിയ പ്രത്യേക

തകളുള്ളൊരു സംഭവമായി തോന്നുകയുള്ളൂ. മറ്റു ജീവ ജാലങ്ങൾക്കതു തോന്നണ മെന്നില്ല. തോന്നണമെന്നു മനുഷ്യൻ നിർബന്ധം പിടി ക്കുകയും അരുത്. അതു കൊണ്ടാണ് ഒരു കടുവയുടെ മുന്നിലെത്തുന്ന മനുഷ്യനെ ചിലപ്പോളത് ഇരയാക്കു ന്നതും. എങ്കിലും നിവൃത്തി കേടിന്റെ അവസ്ഥയിലേ കടുവ മനുഷ്യരെ പിടിക്കുക യുള്ളൂ.

കാട്ടിൽ കയറിയ മനു ഷ്യനെ കടുവ പിടിച്ചു. കടുവ പിടിച്ചവരെ ഓർക്കുമ്പോൾ സങ്കടം ഉണ്ട്. അവർ തികച്ചും

വർഷാവർഷം നാട്ടിൽ കൊടിയദുരിതങ്ങളിലൂടെ കടന്നുപോകുന്ന ആനകൾ ആളുകളെ കൊല്ലുന്നത്? നമ്മൾ കടുവയ്ക്കു നൽകിയ വധശിക്ഷ എന്തു കൊണ്ടാണ് ആനകൾക്ക് നൽകാത്തത്? ആനകൾ മനു ഷ്യരെ നഗരമധ്യേ കൊല്ലു ന്നതും എറിയുന്നതുമൊക്കെ നമ്മൾക്കൊക്കെ സാധാരണ വാർത്തയായി. എന്തുകൊ ണ്ടാണ് ഉടനെ ആനകളെ വെടിവെച്ചു കൊല്ലാത്തത്?

അവയെല്ലാം കോടിക ളുടെ കച്ചവടവസ്തുക്കൾ മാത്രമല്ലേ. കടുവയ്ക്കെന്തു

ണത്തെക്കുറിച്ചും ജനങ്ങളെ എത്രയോ ബോധവത്കരിച്ചി രിക്കുന്നു. പക്ഷേ ''കടുവയെ കൊന്നില്ലെങ്കിൽ വനഉദ്യോ ഗസ്ഥരെ കത്തിക്കും'' എന്ന് ഭീഷണി മുഴക്കിയിരുന്നു പലരും. അവരുടെ മുന്നിൽ ഭീതിയോടെ നിരാലംബരായി നിന്ന ഏതാനും വനഉദ്യോ ഗസ്ഥരുടെ മാനസികാവസ്ഥ എത്രമാത്രം സംഘർഷത്തി ലായിരുന്നിരിക്കും. അവർ സൂക്ഷിക്കേണ്ടുന്നവയെ അവർ തന്നെ വേട്ടയാടേണ്ട ഗതികേട്!

ഇത്തരം ചിന്തകളുടെ നടുവിൽ നിൽക്കുമ്പോഴും

**കടുവയ്ക്കു മുന്നിൽ ഒരു മനുഷ്യൻ ചെന്നു പെട്ടാൽ, കടുവയ്ക്കത് മറ്റൊരു ജീവി മാത്രമായിട്ടേ തോന്നുകയുള്ളു. മനുഷ്യനു മാത്രമേ മനുഷ്യൻ എന്തൊക്കെയോ വലിയ പ്രത്യേകതകളുള്ളൊരു സംഭവമായി തോന്നുകയുള്ളൂ.**



നിരപരാധികളാണ്. പക്ഷേ അത്തരം ഒരു സാഹചര്യം ഉണ്ടാക്കിത്തീർത്തത് കാടി നോടുള്ള നമ്മുടെയൊക്കെ ബുദ്ധിശൂന്യമായ ഇടപെടലു കൾ കൊണ്ടുമാത്രമാണ്.

കാട് കടുവയുടെ വാസ യിടമാണ്. അങ്ങോട്ടുള്ള ഇടപെടലുകൾ ഏറെ ശ്രദ്ധാ പൂർവമാണ് ചെയ്യേണ്ടത്. കടുവയുടെ വധശിക്ഷ ഏറെ തിരക്കുപിടിച്ചു നടപ്പാക്കു മ്പോൾ എന്തുകൊണ്ടാണ്

വില? കടുവയ്ക്കു ഉടമ സ്ഥരൊന്നും ഇല്ലല്ലോ!

കടുവയല്ല ഇവിടെ പ്രശ്നം. അതൊരു നിമിത്തം മാത്രമാണ്. കടുവ ഇല്ലാതാ കുന്ന കാടിനെ കാടല്ലാ താക്കാൻ എളുപ്പമാണ്. കേര ളത്തിൽ ഇനി ഒരു കടുവ സങ്കേതം ഏറെ പ്രയാസക രമാണ്. അത്തരത്തിലാണ് വയനാട്ടിലെ സംഭവങ്ങൾ സൂചിപ്പിക്കുന്നത്. കാടിനെ ക്കുറിച്ചും കടുവാസംരക്ഷ

കടുവയുടെ മരണം ആഘോ ഷമാക്കിമാറ്റിയ വന്യജീവി ഫോട്ടോഗ്രാഫർ എന്നു പറ യുന്ന ചില സഹോദരങ്ങ ളുടെ കടുവവേട്ടയുടെ വീര സാഹസികത വായിച്ചപ്പോൾ ലജ്ജകൊണ്ടു ശിരസ്സു കുമ്പിട്ടു. പ്രിയപ്പെട്ടവരേ, ഇനി ഏതു ലേബലിലാണ് ക്യാമറയുമായി കാടിനു മുന്നിൽ നിങ്ങൾ നിൽക്കുക? വന്യജീവികളുടെ നില നിൽപ്പിനായി ക്യാമറ

തിരിക്കേണ്ടുന്ന നിങ്ങൾ അവയുടെ മരണം ആഘോഷമാക്കുന്നതും അതിലെ സാഹസികതകൾ വർണിക്കുമ്പോഴും ഞാൻ അമ്പരക്കുകയാണ്.

ജലവഴികളിലൂടെ കടുവയെ തേടിപ്പോയ ഓർമകൾ പോലും അത്ഭുതകരവും ആഹ്ലാദകരവുമായ നിമിഷങ്ങളാണ് പ്രദാനം ചെയ്യുന്നത്. വനയാത്രകളുടെ ഊർജമായിരുന്നു ഓരോ യാത്രയ്ക്കും കടുവയെ മുഖാമുഖം ദർശിച്ചിരുന്നത്. ശബ്ദങ്ങളേതുമില്ലാത്ത ഒരു സംവേദനം ഞങ്ങൾക്കിടയിൽ സഞ്ചരിക്കുന്നുണ്ടായിരുന്നു. ഓരോ കടുവയും പുതുതായി എന്തൊക്കെയോ പഠിപ്പിക്കുകയായിരുന്നു.

ജീവിതത്തിൽ കാട്ടുമണ്ണിൽ പാദങ്ങൾ സ്പർശിക്കാതെ ജീപ്പുകളിലും ആനകൾക്കു പുറത്തിരുന്നും കടുവയെത്തേടിക്കൊണ്ടിരിക്കുന്നവർക്ക് അതു മനസ്സിലാകണമെന്നില്ല. ക്യാമറ വാങ്ങി എന്ന കാരണത്താൽ മാത്രം കാട്ടിൽ കയറുന്നവരിൽ നിന്നും മറ്റെന്താണു പ്രതീക്ഷിക്കേണ്ടത്? കടുവയെ കൊല്ലുന്ന ചിത്രമോ കൊന്നചിത്രമോ അല്ല ഒരു വന്യജീവിഫോട്ടോഗ്രാഫർ ജനങ്ങൾക്കു മുന്നിൽ നിവർത്തിപ്പിടിക്കേണ്ടത്. അതും അതിനെ കൊല്ലുന്ന അതിസാഹസികത നിറഞ്ഞ രംഗങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും ന്യായീകരണങ്ങളുമല്ല നിരത്തേണ്ടത്. കടുവകൾ ഇപ്പോഴും ജീവനോടെ ഇവിടെയൊക്കെ ബാക്കി നിൽപ്പുണ്ട് എന്ന ചിത്രങ്ങളായിരുന്നു ജനങ്ങൾക്കു മുന്നിൽ കാണിക്കേണ്ടിയിരുന്നത്. ലോകം മുഴുക്കെ നമ്മളെ ശ്രദ്ധിക്കുന്നുണ്ട് എന്ന് മറക്കരുതേ. നാളെ നമ്മുടെ കുഞ്ഞുങ്ങളോടു മറുപടി പറയേണ്ടിവരും.

**കടുവയെ കൊല്ലുന്ന ചിത്രമോ കൊന്നചിത്രമോ അല്ല ഒരു വന്യജീവിഫോട്ടോഗ്രാഫർ ജനങ്ങൾക്കു മുന്നിൽ നിവർത്തിപ്പിടിക്കേണ്ടത്. അതിനെകൊല്ലുന്ന വിവരണങ്ങളും ന്യായീകരണങ്ങളുമല്ല നിരത്തേണ്ടത്.**



ഏറ്റവും പ്രിയപ്പെട്ടവയെയും ഏറ്റവും അമൂല്യമായവയെയും കൊന്നൊടുക്കുകയും ചുട്ടെരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിന്റെ ഭാവിയെക്കുറിച്ച് ഏറെ ഉത്കണ്ഠ തോന്നുന്നു. കടുവയെ ചൂണ്ടിയ തോക്ക് നമ്മുടെ ഭാവിയിലേക്കാണു നിറയൊഴിച്ചിരിക്കുന്നത് എന്നു നാം അറിയുമ്പോൾ ഏറെ വൈകിക്കഴിഞ്ഞിരിക്കും. ജലാശയങ്ങളും വനങ്ങളുമൊന്നും നമ്മൾക്കിന്ന് അമൂല്യമല്ല. എണ്ണാനാവാത്ത വിധം ദ്രോഹം നാം ഈ ഭൂമിക്കുമേൽ ചെയ്തിരിക്കുന്നു. നമ്മൾക്കു തിരിച്ചുപോയേ മതിയാകൂ. ഇനി ഒരു ഇലപോലും നുള്ളുവാൻ ആരുടെയും കൈകൾ ഉയരാത്ത മനോഭാവം നാം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. ഓർമിക്കുക, നാം ഓരോ നിമിഷവും ശ്വസിക്കുന്നത് നമ്മൾ പണിതുയർത്തിയ രമ്യഹർമ്യങ്ങളാലോ വാരിക്കൂട്ടിയ ധനത്താലോ അല്ല. ഇവിടുത്തെ ഓരോ പച്ചപ്പുൽക്കൊടിയുടെയും കാരുണ്യം കൊണ്ടുമാത്രമാണ്.

അതു മനഃപൂർവം തിരിച്ചറിയാതെ പോകുന്നതാണ് നമ്മുടെ ദുരന്തവും.



# മഹാകവി കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി'യിൽ നിന്നും ഒരു ഭാഗം

സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു.

സ്നേഹംതാൻ ശക്തി ജഗത്തിൽ സ്വയം
സ്നേഹംതാനാനന്ദമാർക്കും,

സ്നേഹംതാൻ ജീവിതം ശ്രീമൻ സ്നേഹ
വ്യാഹതിതന്നെ മരണം

സ്നേഹം നരകത്തിൻദ്വീപിൽ സ്വർഗ്ഗ
ഗേഹം പണിയും പടുത്വം,

അമ്മതൻ നെഞ്ഞുഞരമ്പിൽ തങ്ങി
ച്ചെമ്മേ ചെഞ്ചോരയെത്തന്നെ

അമ്മിഞ്ഞത്തൂവമൃതാക്കും മൈത്രി
നമ്മോടതോതുന്നു രാജൻ!

വര: ബോബി എം. പ്രഭ



# പൊട്ടൻ ചിപ്പു

സാറാ ജോസഫ്

ചിപ്പു കറുത്തിട്ടാണ്. കുടംപോലെയൊരു വയറ്! ചപ്പിയ മൂക്ക്! ഉണ്ടക്കണ്ണുകൾ! അയ്യേ! ചിപ്പുവിനെ കണ്ടാൽ അറയ്ക്കും. ഇതു മനുഷ്യക്കുട്ടിയാണോ? അമ്മ പറയും:

"അയ്യയ്യോ, ഇങ്ങനൊരു സാധനം എന്റെ വയറ്റില് എങ്ങനെണ്ടായതാവോ!"

അച്ഛൻ പറയും;

" നീങ്ങിനിൽക്ക്. അശ്രീകരം ! കാണണതൊക്കെ വേണം ജന്തൂന്." കൂടപ്പിറപ്പുകൾ വിളിക്കും;

"പൊട്ടൻ ചിപ്പോ, പൊട്ടൻ ചിപ്പോ."

ചിപ്പു എന്തു ചെയ്യാനാണ്? അവൻ പറഞ്ഞിട്ടാണോ ദൈവം അവനെ ഇങ്ങനെ സൃഷ്ടിച്ചത്? ദൈവത്തിന് ചിപ്പുവിനോടു ദേഷ്യം വരാൻ കാരണം എന്താണ്? ചിപ്പു പാവമാണ്; മണ്ടശ്ശിരോമണിയാണ്. ചിപ്പുവിനു പഠിക്കാൻ പറ്റാത്തത് അവന്റെ കുറ്റം കൊണ്ടൊന്നുമല്ല. ദൈവം ചിപ്പുവിന്റെ തലയിൽ വരയ്ക്കുമ്പോൾ പറ്റിച്ച പണിയാണ്. ദൈവത്തിനു ചിപ്പുവിനെ ഒരു ബുദ്ദൂസാക്കാനായിരുന്നു ഇഷ്ടം. അപ്പോൾ പിന്നെ ചിപ്പുവിനെ പറഞ്ഞിട്ടെന്തു കാര്യം? സ്ളേറ്റിൽ എത്ര നേർവര വേണമെങ്കിലും ചിപ്പു വരയ്ക്കും. പക്ഷേ, 'റ' എന്ന അക്ഷരം വളച്ചെടുക്കാൻ ചിപ്പു പഠിച്ച പണി പതിനെട്ടും നോക്കി. അവസാനം ചിപ്പു അദ്ധ്യാപികയോടു പറഞ്ഞു.

"ച്ച് പറ്റില്ല്യ!"

അങ്ങനെ അഞ്ചുവർഷം ഒരുപാടു നേർവരകൾ വരച്ചു വരച്ച് ഒന്നാം ക്ലാസ്സിൽത്തന്നെ കുത്തിയിരുന്നപ്പോൾ അച്ഛൻ അലറി;

"ജന്തു! ഇനി നിയ്യ് പഠിക്കണ്ട."

സന്തോഷം! ചിപ്പു പഠിപ്പുനിർത്തി. എന്നാലും ചിപ്പു വെറുതെയിരിക്കില്ല. സകല



വര: അരുണ ആലഞ്ചേരി

ജോലിയിലും അവൻ തലയിടും. പശുവിനെ കെട്ടണോ? ചിപ്പു റെഡി! കുട്ടിയെ നോക്കണോ? ഓ! ചിപ്പു മതി അതിന്. ചിപ്പു അടിച്ചുവാരും നിലം തുടയ്ക്കും... പാത്രങ്ങൾ കഴുകും....

പക്ഷേ, ഒന്നുണ്ട്. കുളിക്കാൻ ചിപ്പുവിനോടാരും പറയരുത്. പറഞ്ഞാലുടനെ ചിപ്പു ഒറ്റ അലർച്ചയാണ്. അലറിയലറി വീടുമുഴുവൻ കുലുക്കും. ഒടുവിൽ അമ്മ പറയും;

''അസത്തേ, നീയ്യ് കുളിക്കണ്ട. വായൊന്നടയ്ക്ക്.''

ഉടനെ ചിപ്പു വായടയ്ക്കും. പക്ഷേ, എപ്പോഴും അമ്മ അങ്ങനെ പറയാറില്ല. ഇടയ്ക്കൊരു ദിവസം അമ്മ, ചിപ്പുവിനെ ഇങ്ങു പിടിക്കും. കയറെടുത്ത് പൈക്കുട്ടിയെ കെട്ടിയിടുന്ന കുറ്റിയിൽ കെട്ടിയിടും. തൊട്ടിയിൽ വെള്ളം മുക്കി തലയിൽക്കൂടി ഒരൊഴിക്കൽ ! എന്നിട്ട് അമ്മ പറയും;

''ഒന്നു കുതിരട്ടെ!''

പിന്നെ അമ്മ കറിക്കരയ്ക്കാനോ, ചോറു വാർക്കാനോ പോകും. അമ്മ വരുന്നതുവരെ ചിപ്പു കിടന്നലറും. അമ്മ വരുന്നത് ഒരു കുത്തു ചകിരിയും ഒരു കട്ട സോപ്പും കൊണ്ടാണ്. ചകിരിയിൽ സോപ്പു പതച്ച് ഉരയ്ക്കുമ്പോൾ, ചിപ്പുവിന്റെ ദേഹത്തെ ചേറ് ഒന്നിളകും! ഇളയകുട്ടികൾ കൈകൊട്ടിച്ചിരിക്കും.

''അയ്യേ... സാമ്പാറ്! സാമ്പാറൊഴ്ക്ണൂ.... സാമ്പാറ്!''

കുളികഴിഞ്ഞാൽ ചിപ്പു ഒരൊറ്റ സുന്ദരക്കുട്ടനാവലാണ്. അമ്മ ചിപ്പുവിനെ പൗഡർ പൂശിക്കും. മുടിയില്ലെങ്കിലും മൊട്ടത്തലയിൽ ചീപ്പൊന്നുരയ്ക്കും. നല്ല ട്രൗസറും ഷർട്ടുമൊക്കെയിട്ട് ചിപ്പു കണ്ണാടിയിൽ നോക്കും. ചിപ്പുവിനു കണ്ണാടിയിൽ നോക്കാൻ ഇഷ്ടമില്ല. കണ്ണാടിയിൽ നോക്കി ചിപ്പു ഒരിക്കലും ചിരിക്കാറില്ല. പക്ഷേ, വല്ലപ്പോഴും ഒന്നു നോക്കിപ്പോയാൽ ഉടനെ ചിപ്പു പറയും.

''ച്ചൊരു ഭംഗീല്യ.''

''പോടാ പൊട്ടാ.''

''പൊട്ടാ.''

വലിയ ചെമ്പുകലം, വെള്ളം നിറച്ച് അമ്മ പൊക്കിയെടുക്കാൻ തുടങ്ങുമ്പോഴേക്കു ചിപ്പു ഓടിച്ചെല്ലും.

''നിക്ക് നിക്ക് ഞാം എടുക്കാം. അമ്മച്ച് പറ്റില്യ.''

''നെണക്ക് പറ്റ്വോ?

ഉം- ങ് - ങ് ആ....

പൊന്തട്ടെ. പൊന്തട്ടെ

പൊന്തില്ല. ചെമ്പ് അനങ്ങില്ല. ചിപ്പുവിനു ദേഷ്യം

**ഇടയ്ക്കൊരു ദിവസം അമ്മ, ചിപ്പുവിനെ ഇങ്ങു പിടിക്കും. കയറെടുത്ത് പൈക്കുട്ടിയെ കെട്ടിയിടുന്ന കുറ്റിയിൽ കെട്ടിയിടും. തൊട്ടിയിൽ വെള്ളം മുക്കി തലയിൽക്കൂടി ഒരൊഴിക്കൽ ! എന്നിട്ട് അമ്മ പറയും- "ഒന്നു കുതിരട്ടെ!"**

എല്ലാവരും ചിരിക്കും. ചിപ്പുവിനു മറ്റുള്ളവരെ ചിരിപ്പിക്കാൻ വലിയ ഇഷ്ടമാണ്. അവൻ പല ഗോഷ്ടികളും കാണിക്കും. വലിയ വയറിൽ കോലെടുത്തു കൊട്ടും. ഉണ്ടക്കണ്ണുരുട്ടും. നാലു കാലിൽ നടക്കും.

ചിപ്പുവിനു തിന്നണം. വീട്ടിൽ വച്ചുണ്ടാക്കുന്നതൊക്കെ തിന്നാലും ചിപ്പുവിനു വിശപ്പുമാറില്ല. എല്ലാവരേയും തല്ലിമാറ്റി ചിപ്പു വയറു നിറയ്ക്കും. അതിനു വലിയ ചട്ടവട്ടങ്ങളൊന്നും വേണമെന്നില്ല. ഒരൽപം തൈരും ഒരു കല്ലുപ്പുമുണ്ടായാൽ ഒരിടങ്ങഴി അരിയുടെ ചോറുവരെ ചിപ്പു ഉണ്ടു എന്നു വരും.

അമ്മ, ചിപ്പുവിന്റെ വയറു കണ്ടറിഞ്ഞു കൊടുക്കാറുണ്ട്. ചിപ്പുവിന് അമ്മയെ ജീവനാണ്. അമ്മയുടെ മുഖമെങ്ങാനും വാടിക്കണ്ടാലുടനെ ചിപ്പു ചോദിക്കും.

''അമ്മച്ച് ബയ്യേ!''

''നിയ്ക്കൊന്നൂല്യാ വരും.

''ചെമ്പേ, നെന്നോടാ പറഞ്ഞത്. പൊന്താൻ... ഉം പൊന്ത്...പൊന്ത്.''

എന്നാലും ചെമ്പ് പൊന്തില്ല. അവസാനം ചിപ്പു പറയും ''ച്ച് പറ്റില്ല്യാ.''

''മാറി നിൽക്ക് പൊട്ടാ. ഞാനെടുത്തോളം.''

''ബയ്യായ വര്വോ അമ്മയ്ക്ക്?''

''ഇല്ല്യ.''

പക്ഷേ, ഒരിക്കൽ ചിപ്പുവിന്റെമ്മയ്ക്കു വയ്യായ വന്നു. അമ്മയെ ആശുപത്രിയിൽ കിടത്തിയ അന്നു രാത്രിമുഴുവൻ ചിപ്പു അലറിക്കരഞ്ഞു....

''ച്ച് അമ്മേനെ കാണണം....''

പിറ്റേന്ന്, ഗത്യന്തരമില്ലാതെ അച്ഛനു ചിപ്പുവിനെ ആശുപത്രിയിൽ കൊണ്ടുപോകേണ്ടിവന്നു. ചിപ്പു അമ്മയുടെ കട്ടിലിനരികിൽ നിന്നു മാറിയില്ല. ഡോക്ടർ പരിശോധനയ്ക്കു വന്നപ്പോൾ ചിപ്പുവിനെ തുറിച്ചുനോക്കി:

''ഏതാ ഈ കുട്ടി? കുട്ടി

കളെ രോഗികളുടെ അടു
ക്കൽ നിർത്തരുത്.''

''ഞാം നില്ക്കും.''

''ങ് ഏ?'' ഡോക്ടർക്കു ചിപ്പുവിന്റെ നിൽപ്പുകണ്ട പ്പോൾ ചിരി വന്നു.

''കുട്ടി നില്ക്കണ്ട. വീട്ടിൽ പൊയ്ക്കൊള്ളൂട്ടോ.''

''ഞാമ്പൂവില്യ.''

''നല്ല അടികൊള്ളും.''

''ച്ച് പേടില്യാലോ നിന്നെ.''

**"അമ്മയ്ക്കുള്ള മരുന്നിനൊക്കെ എന്തു കയ്പാണെന്നോ!" അമ്മ മരുന്നു കഴിക്കാൻ മടി കാണിക്കാറുണ്ട്. അതുമാത്രം ചിപ്പുവിനു പിടിക്കില്ല. ദിവസത്തിൽ ഒരു പതിനഞ്ചുപ്രാവശ്യമെങ്കിലും അവൻ ചോദിക്കും. "അമ്മ മയ്ന്ന് കുടിച്ചോ?"**

ഡോക്ടർ പൊട്ടിച്ചിരിച്ചുകൊണ്ട് അടുത്ത കട്ടിലിനരികിലേക്കു നീങ്ങി. ചിപ്പു അമ്മയുടെ അടുത്തേക്കു ഒന്നുകൂടെ ചേർന്നു നിന്നു.

''അമ്മച്ച് ബയ്യേ? ''

''വയ്യ മോനേ.''


''ന്നാ ച്ചും ബയ്യാ.''

അമ്മ ചിരിച്ചു. ചിപ്പുവിനു സമാധാനമായി. അമ്മ ചിരിച്ചല്ലോ! പക്ഷേ ചിപ്പുവിന്റെ അമ്മയുടെ അസുഖം അത്ര വേഗത്തിലൊന്നും ഭേദമാകുന്നതായിരുന്നില്ല. ചിപ്പുവിന്റെ തീറ്റിയൊക്കെ തകരാറിലായി? ആരുണ്ട് അവനെ ശരിക്കു നോക്കാൻ? അച്ഛൻ എപ്പോഴും വഴക്കുപറയും. ഏട്ടന്മാർ തലയ്ക്കിട്ടു കുത്തും. അമ്മ കട്ടിലിൽ കിടന്നു വിളിച്ചുചോദിക്കും . ''ആരാ ആ കുട്ട്യേ ഉപദ്രവിക്കുന്നത്? മഹാപാപം ചെയ്യരുത് ട്ടോ.''

ആരും ഒന്നും പറയില്ല. അമ്മ രണ്ടുമാസം കട്ടിലിൽ കിടന്നപ്പോഴേക്കു ചിപ്പു ആകെ മാറിപ്പോയി. അവന്റെ വയറൊട്ടി. കണ്ണുകൾ കുഴിഞ്ഞു. ചിപ്പുവിനു കണ്ടതിനോടൊക്കെ ദേഷ്യം!

അച്ഛനെവരെ ചിപ്പു






*ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച* ***'ആഷിക് പുലി'*** *എന്ന ബാലകഥാസമാഹാരത്തിൽ നിന്നും എടുത്തത്.*

വിനു പേടിയില്ല. അമ്മയ്ക്കു കാച്ചിവച്ച പാലെടുത്തു മോന്തിയതിന് അച്ഛൻ ചിപ്പുവിനെ വിളിച്ചു.

"ടാ പൊട്ടാ ബ്ടെ വാ."

ചിപ്പുവിന് ഒരു പേടിയുമില്ല. അവൻ പറഞ്ഞു:

"ച്ച് അച്ഛനെ പേടില്യ."

അച്ഛനു ചിരി വന്നു.

"അമ്മയ്ക്കുള്ള മരുന്നിനൊക്കെ എന്തു കയ്പാണെന്നോ!" അമ്മ മരുന്നു കഴിക്കാൻ മടി കാണിക്കാറുണ്ട്. അതുമാത്രം ചിപ്പുവിനു പിടിക്കില്ല.

ദിവസത്തിൽ ഒരു പതിനഞ്ചുപ്രാവശ്യമെങ്കിലും അവൻ ചോദിക്കും.

"അമ്മ മയ്ന്ന് കുടിച്ചോ?"

കുടിച്ചില്ലെങ്കിൽ കുടിപ്പിച്ചിട്ടേ ചിപ്പു അടങ്ങുകയുള്ളൂ. അമ്മ വെറുതെ കിടക്കുകയാണെങ്കിലും ചിപ്പു അടുത്തു ചെല്ലും.

"കാല് ഉഴിയട്ടെ? കൈയ് ഉഴിയട്ടെ?"


"പൊറത്ത് വയ്യേ?"

എന്നിട്ട് അമ്മയുടെ കൈയും കാലും മുഖവുമൊക്കെ തലോടും. അന്ന് അമ്മ ഏട്ടന്മാരോടു പറഞ്ഞു.

"നിങ്ങളൊക്കെ ഉണ്ടായിട്ട് എന്താടാ കാര്യം? എന്റെ പൊട്ടൻചിപ്പൂന് ഉള്ളേന്റെ പകുതി സ്നേഹം നിങ്ങൾക്കുണ്ടോ?"

അതുകേട്ട് ചിപ്പു ചിരിച്ചു. പൊട്ടിപ്പൊട്ടിച്ചിരിച്ചു.

## ആനക്കാര്യം





രാജീവ് എൻ ടി
rajeevnt@hotmail.com



# ഫോണുകൾ ഫോണുകളല്ലാതാകുന്ന കാലം

വി കെ ആദർശ്



വാർത്താവിനിമയ മാർഗങ്ങളുടെ ചരിത്രത്തിലൂടെ ഒന്നു കണ്ണോടിച്ചുനോക്കിയാൽ എന്തെല്ലാം രസകരമായ വിവരങ്ങളാകും അതു നമുക്കു തരിക?

പെരുമ്പറ കൊട്ടി വിവരങ്ങൾ ജനങ്ങളെ അറിയിച്ചിരുന്ന കാലത്തു നിന്നും ഇന്നു വന്നു നിൽക്കുന്നത് സർക്കാർ പത്രക്കുറിപ്പുകൾവരെ അപ്പപ്പോൾ സാമൂഹിക മാധ്യമങ്ങളിൽ പോസ്റ്റുകളായി പ്രസിദ്ധീകരിക്കുന്നിടത്താണ്. മോഴ്സ്കോഡിലയച്ചിരുന്ന സന്ദേശങ്ങൾ ഇന്ന് ട്വിറ്റർ പോലുള്ള മൈക്രോബ്ലോഗുകളിലെ ചെറുസന്ദേശങ്ങളിലേക്കു മാറ്റപ്പെട്ടിരിക്കുന്നു. അധികം മാറ്റമില്ലാതെ നിൽക്കുന്ന ഒരു മാധ്യമം റേഡിയോ ആണ്. രാജ്യത്തെ ബഹുജന മാധ്യമങ്ങളിൽ ഇന്നും മുന്നണിയിലുണ്ട് വർഷങ്ങളുടെ പഴക്കമുള്ള ഈ മാധ്യമം. എന്നാൽ ആദ്യകാല വാൽവ് റേഡിയോയിൽ നിന്നും ഇത്തിരിക്കുഞ്ഞു പകരണങ്ങളായി റേഡിയോ പകർന്നാട്ടം നടത്തിക്കഴിഞ്ഞു. ടെലിവിഷന്റെ കാര്യമോ? ആദ്യം ബ്ലാക്ക് & വൈറ്റിൽനിന്നു കളറിലേക്കു മാത്രമല്ല, അതിന്റെ സാങ്കേതികത അടിമുടി മാറ്റപ്പെട്ടു കഴിഞ്ഞു. ഇന്ന് സ്മാർട്ട് ടെലിവിഷനുകളുടെ കാലമാണ്, പലദേശങ്ങളിലെ നാനാതരത്തിലുള്ള ദൃശ്യക്കാഴ്ചകൾക്കൊപ്പം ഒട്ടനവധി സേവനങ്ങളുടെ കേന്ദ്രബിന്ദുവായിപ്പോലും വീടുകളിലെ ടെലിവിഷൻ മാറുന്നു.



ആദ്യകാല വാൽവ് റേഡിയോയുടെ ഭാഗം



ഒരു പഴയകാല ടെലിവിഷൻ

എന്നാൽ ഏറ്റവും കൂടുതൽ മാറ്റങ്ങൾക്കു വിധേയമായ മാധ്യമം ഇതൊന്നുമല്ല! വ്യക്തിഗത ആശയവിനിമയത്തിനുപയോഗിക്കുന്ന ടെലിഫോണിനു സംഭവിച്ച ദ്രുതഗതിയിലുള്ള മാറ്റം ആരെയും അമ്പരപ്പിക്കും.

എന്തായിരിക്കും ആശയവിനിമയ സംവിധാനങ്ങളുടെ സമീപകാലഭാവി? അതിവിദൂരഭാവികാലം പ്രവചനാതീതമാകുമെന്നതിൽ ഒട്ടും തർക്കമില്ല. ദ്രുതഗതിയിലുള്ള സാങ്കേതികമാറ്റങ്ങൾ മറ്റു വിജ്ഞാനമേഖലകളിൽ നടക്കുന്നതും ആശയവിനിമയരൂപങ്ങളെ അത്ഭുതകരമായി സ്വാധീനിക്കുന്നുണ്ട്, മാറ്റുന്നുണ്ട്. ഒരു കാലത്തെ പ്രൗഢപ്രതാപിയായിരുന്ന റോട്ടറിഫോണിൽ നിന്ന് നാം ഇന്നുപയോഗിക്കുന്ന സ്മാർട്ട്ഫോണിൽ വന്നെത്തിയപ്പോഴേക്കും തന്നെ, കാര്യങ്ങൾ അടിമുടി മാറി എന്നു നിങ്ങൾക്ക് അറിയാമല്ലോ. വെറും വിളിയുപകരണം എന്ന നിലയിൽ നിന്ന് ഇന്ന് വിവിധോദ്ദേശ സേവനോപാധിയായി ഫോൺ പരിവർത്തനം ചെയ്യപ്പെട്ട് കഴിഞ്ഞു. ഇന്റർനെറ്റിന്റെ മൊബൈൽ ലഭ്യതയാണ് കാര്യങ്ങളെ ഇത്രമേൽ മാറ്റിമറിച്ചത്. മൊബൈൽ ശൃംഖല വഴിയുള്ള വിവരകൈമാറ്റവേഗത ഇപ്പോൾ 4ജി യിൽ എത്തിനിൽക്കുന്നു. സമീപഭാവിയിൽ സംഭവിക്കാനിടയുള്ള മാറ്റം മൊബൈൽ ബ്രോഡ്ബാൻഡിന്റെ സാർവത്രികമായ ലഭ്യതയും അതിന്റെ വിവരവേഗതയിൽ ഉണ്ടാകുന്ന മെച്ചപ്പെട്ട മാറ്റവുമായിരിക്കും. ആശ്രയിക്കാനാകുന്ന മൊബൈൽ വിവരശൃംഖല ഉണ്ടാകുന്നതോടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഒട്ടനവധി മൊബൈൽ ആപ്ലിക്കേഷനുകൾ അഥവാ 'ആപ്സ്' രംഗത്തേക്കു വരും എന്നതിൽ സംശയമില്ല. നിലവിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും അവരുടെ വിവിധ സേവനങ്ങൾ ആപ്ലിക്കേഷൻ രൂപത്തിൽ ആക്കി മൊബൈൽ ഫോൺ വഴി ലഭ്യമാക്കിക്കഴിഞ്ഞു. അതായത് മിക്ക കാര്യങ്ങൾക്കും സർക്കാർ ഓഫീസിൽ കയറിയിറങ്ങേണ്ട, നിങ്ങളുടെ ഫോൺ തന്നെ ഒരു ചെറിയ സർക്കാർ ഓഫീസ് ഇടനാഴി ആയി മാറും!

മൊബൈൽ ഉപകരണങ്ങളുടെ സാങ്കേതികശേഷി കുത്തനെ മാറുന്നതിനു സമീപവർഷങ്ങൾ സാക്ഷിയാകും. അതോടെ ഇപ്പോഴുള്ളതിൽ നിന്നും വളരെ മെച്ചപ്പെട്ട തരത്തിൽ ഫോൺ ഉപയോഗം സാധ്യമാകും. അതായത് പ്രോസസറിന്റെ പ്രവർത്തനം, സംഭരണശേഷിയുടെ വർധനവ്, ഡിസ്പ്ലെസാങ്കേതികതയിലെ മിഴിവ്, ബാറ്ററിശേഷി ഒക്കെ കുതിച്ചുചാട്ടം നടത്താൻ ഇടയുണ്ട്. ഒപ്പംതന്നെ ശ്രദ്ധിക്കേണ്ട മറ്റൊരു മാറ്റം ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് (IoT – Internet of Things) എന്നതിലാണ്. അതായത് നമുക്കു ചുറ്റുമുള്ള എല്ലാം ഒരു ഐപി അക്കം വഴി ഇന്റർനെറ്റുമായി ബന്ധിപ്പിക്കുന്ന അവസ്ഥ. എന്നു വച്ചാൽ വീട്ടിലെ ബൾബ് മുതൽ സർവ്വ ഉപകരണങ്ങളും മൊബൈൽഫോൺ വഴിയോ കംപ്യൂട്ടർ വഴിയോ നമുക്കു നിയന്ത്രിക്കാനാകും, എന്തിനേറെ, ഒരു പക്ഷേ ഉപകരണങ്ങൾ തമ്മിൽപ്പോലും നിയന്ത്രിക്കുന്ന ഒരു കാലവും സമീപഭാവിയിൽത്തന്നെ നമുക്കു മുന്നിലുണ്ട്.

## ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്

കംപ്യൂട്ടറോ മൊബൈൽ ഫോണോ അല്ലാത്ത ഇന്നു നമ്മുടെ ചുറ്റും കാണുന്ന പല ഉപകരണങ്ങളെയും വസ്തുക്കളെയും ഇന്റർനെറ്റ് ശൃംഖലയുമായി കോർത്തിണക്കുക എന്നതാണ് ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് അർത്ഥമാക്കുന്നത്. പലതരം മാപിനികൾ (സെൻസർ) ഇപ്പോൾ തന്നെ മൊബൈൽ ഫോണിൽ ഉണ്ട്. കേവലം ക്യാമറ മാത്രമല്ല ഫോണി



**മൊബൈൽഫോൺ എന്ന മധ്യസ്ഥയുടെ കാർമിക ത്വത്തിൽ ഉപകരണങ്ങൾ തമ്മിൽ തീരുമാനമെ ടുത്ത് നിത്യജീവിതത്തിൽ നാമെടുക്കേണ്ട പല ജോലികളും ചെയ്ത് നമ്മുടെ സമയം ഫലപ്രദമായി വിനിയോഗിക്കാൻ അവസരമൊരുക്കും. ഒരു തരം സ്മാർട്ട്ഗ്രിഡ് ആകും നമുക്കു ചുറ്റും എന്നു ചുരുക്കം.**

18 നൊപ്പം ഉള്ളത് എന്ന് അറിയാമല്ലോ. അനക്കവും നീക്കവും അറിഞ്ഞ് ഫോൺ ഇപ്പോൾ എവിടെ എന്നു കണ്ടുപിടിക്കാനുള്ള ജിപിഎസ് സംവിധാനം ഫോണിൽ മാത്രമല്ല പല വിധ വീട്ടുഓഫീസ് ഉപകരണങ്ങളിലേക്കും ചേക്കേറിക്കൊണ്ടിരിക്കുകയാണ്. ഓഫീസിലോ വീട്ടിലോ നാം ഇല്ലെങ്കിൽപ്പോലും അവയെ നമുക്കു നിയന്ത്രിക്കാനാകും. ചിലപ്പോൾ നാം മുൻകൂട്ടി നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും അവ പ്രവർത്തിക്കുക, അല്ലെങ്കിൽ അകലെ നിന്നും നാം കൊടുക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും. റഫ്രിജറേറ്റർ, ടി വി, ഫാൻ, വാഷിങ് മെഷീൻ, ലൈറ്റുകൾ തുടങ്ങിയ ഉപകരണങ്ങൾക്കു പരസ്പരം ആശയവിനിമയം ചെയ്യാൻ കഴിയുന്ന സാങ്കേതികവിദ്യകളും പരീക്ഷണടിസ്ഥാനത്തിൽ നിലവിലുണ്ട്.

മൊബൈൽഫോൺ എന്ന മധ്യസ്ഥയുടെ കാർമികത്വത്തിൽ ഉപകരണങ്ങൾ തമ്മിൽ തീരുമാനമെടുത്ത് നിത്യജീവിതത്തിൽ നാമെടുക്കേണ്ട പല ജോലികളും ചെയ്ത് നമ്മുടെ സമയം ഫലപ്രദമായി വിനിയോഗിക്കാൻ അവസരമൊരുക്കും. ഒരു തരം സ്മാർട്ട്ഗ്രിഡ് ആകും നമുക്കു ചുറ്റും ഉരുത്തിരിഞ്ഞു വരുന്നത് എന്നു ചുരുക്കം.

തീർന്നില്ല വിശേഷങ്ങൾ, ധരിക്കാവുന്ന ഉപകരണങ്ങളിലേക്കും ഇലക്ട്രോണിക് വിവരതരംഗം വന്നടിച്ചു കഴിഞ്ഞു. ഈ വർഷം തന്നെ ലോകത്ത് ഏറ്റവുമധികം വാർത്ത ഉണ്ടാക്കാൻ പോകുന്നതു ഡിജിറ്റൽ സ്മാർട്ട്വാച്ചുകൾ ആകും. മൊട്ടോറോള, എൽ ജി എന്നിവ ആൻഡ്രോയ്ഡ് പ്രവർത്തകസംവിധാനത്തിലും(Android OS) ആപ്പിൾ ഐഒഎസ് (Apple IOS) അടിസ്ഥാനമാക്കിയും ഉള്ള വാച്ചുകൾ വിപണിയിൽ എത്തിക്കഴിഞ്ഞു.

ഇതുകൂടാതെ ആരോഗ്യ വ്യായാമസംബന്ധിയായ, ധരിക്കാവുന്ന, ഇന്റർനെറ്റ് അധിഷ്ഠിതകുഞ്ഞുപകരണങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ശരീരത്തിൽ നിന്നും പലവിധ ആരോഗ്യവിവരങ്ങൾ ഒപ്പിയെടുത്ത് ഉപയോക്താവിനോ അല്ലെങ്കിൽ ഡോക്ടർക്കോ നൽകുന്ന പ്രത്യേകതരം സെൻസറുകളാണ് ഇതിലുള്ളത്. മൊബൈൽഫോണുകളുമായിച്ചേർന്നു തന്നെയാണ് ഇവരുടെയും പ്രവർത്തനം. ഒരു തരം മുൻകൂർ വിവരവ്യവസ്ഥ (Early Warning System) പല രോഗങ്ങളെയും കണ്ടറിഞ്ഞ് ചികിൽസിക്കാൻ അല്ലെങ്കിൽ ഭേദമാക്കാൻ സഹായിക്കുന്നു. ഇങ്ങനെയുള്ള ഉപകരണങ്ങൾക്കായി Android Wear എന്ന ഒരു ഉപ മൊബൈൽ ഫോൺ പ്രവർത്തക സംവിധാനവും (Operating System) ആരംഭിച്ചു കഴിഞ്ഞു.

ഒരെളുപ്പത്തിനു പറയുക

യാണെങ്കിൽ, അടുക്കളയിൽ പാകം ചെയ്യുന്ന വിഭവം കരിഞ്ഞോ ഇല്ലയോ എന്ന് അറിയാൻ പാത്രത്തിൽ സെൻസർ ഉണ്ടാകും വരും കാലത്ത്! അപ്പോൾ വാച്ചിലെ ആപ്പിൽ അലർട്ട് വരും. 'കറി ആവശ്യത്തിലധികം വേവുന്നു, ഭക്ഷണം കഴിക്കാൻ പറ്റാത്ത അവസ്ഥ യിലേക്കു നീങ്ങുന്നു.' വാച്ചിൽക്കൂടിത്തന്നെ സ്റ്റൗവിനു നിർദ്ദേശവും നൽകാം, ചൂട് മതി! ഇതാണ് ഇപ്പോൾ പിച്ചവച്ചു നടക്കാൻ തുടങ്ങിയ ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് ന്റെ ഒരു ചെറുചിത്രം.

അതെ എല്ലാ ഉപകരണ ങ്ങളും 'വല'യിൽ ആകുന്ന കാലത്തിലൂടെയാണ് നാം നടന്നുനീങ്ങുന്നത്. മിടുക്കി എ സി യെ(Smart A/C) ആപ്പ് വഴി നിയന്ത്രിക്കാം, അതായാത് മറ്റൊരിടത്തു നിന്ന് ഇറങ്ങുമ്പോൾത്തന്നെ വേണമെങ്കിൽ വീട്ടിലെ എ സി മൊബൈൽഫോൺ വഴി ഓൺ ആക്കി വയ്ക്കാം. നാം വീടണയുമ്പോഴേക്കും ശരിയായ താപനിലയിൽ മുറി എത്തിയിട്ടുണ്ടാകും!! അതു പോലെ തന്നെ എ സി ഓഫാക്കാൻ മറന്നിട്ട് ദൂരയാത്രയുടെ പകുതി പിന്നിട്ടാലും പേടിക്കേണ്ട! ഫോൺ അല്ലെങ്കിൽ വാച്ച് എടുത്ത് ആപ്പ് വഴി ഓഫാക്കാം. അല്ലെങ്കിൽ മുറിയിൽ ആരുമില്ലെങ്കിൽ തനിയെ എ സിയും മറ്റു വൈദ്യുതോപകരണ ങ്ങളും ഓഫാകുന്ന രീതിയിൽ പ്രോഗ്രാം ചെയ്തിടാം! തീർന്നില്ല, വൈദ്യുതി കരുതലോടെ ഉപയോഗിക്കാനും ഇതേ ആപ്പ് സഹായിക്കും. ഓൺ ആക്കിയത് മുതൽ ഇപ്പോൾവരെ എത്ര യൂണിറ്റ് വൈദ്യുതി എടുത്തു, അതിനെ യൂണിറ്റ് നിരക്കു മായി ചേർത്ത് മുറി തണുപ്പി ക്കാൻ എത്ര രൂപ ചിലവായി എന്നു കണക്കുകൂട്ടി പറഞ്ഞു തരും. ശാസ്ത്രകല്പിതകഥ അല്ല ഇത്, നിങ്ങളുടെ നഗര ത്തിലെ കടയിൽ ഇപ്പോൾ വാങ്ങാൻ കിട്ടുന്ന എ സി യുടെ കാര്യമാണ്.






സ്മാർട്ട് വാച്ചുകൾ

ഇതുപോലെ തന്നെ മാറ്റം വരാൻ ഇടയുള്ള ഒന്ന് സ്ക്രീനിന്റെ കാര്യമാണ്. നല്ല മിഴിവുള്ള ചിത്രങ്ങൾ മാത്രമല്ല, ചുരുട്ടിക്കൊണ്ടു പോകാൻ പറ്റുന്ന സ്ക്രീൻ സാങ്കേതികവിദ്യയും പ്രചാരത്തിലെത്തും. വർത്തമാനപത്രം ഒന്നു മതി, ദിനേനയുള്ള വാർത്തകൾ ഇ-പേപ്പർ നെറ്റിൽ നിന്ന് സ്വയമെടുത്ത് പുതുക്കിത്തരും. അതായത് കടലാസ് മാറുന്നില്ല, പക്ഷേ വാർത്തകൾ മാറും. പത്ര ങ്ങളും മാറും! ഒരു ഇ-പേപ്പ റിൽ പല പത്രങ്ങൾ വായിക്കാം! ഇലക്ട്രോണിക് ബുക്കുകൾ ഇപ്പോൾത്തന്നെ നല്ല വിൽപ്പനാപുരോഗതി കാണിച്ചുകഴിഞ്ഞു. കിൻഡിൽ, കോബോ പോലെയുള്ള ഇ-ബുക്ക് റീഡർ വഴി പുസ്തകവായന അ(ച്ചടി) വായനയിൽ നിന്ന് ഇ(ലക്ട്രോണിക്) വായനയിലേക്കു മാറിക്കൊണ്ടിരിക്കുന്നു. സാധാരണ മൊബൈൽ ഫോൺ ഡിസ്പ്ലെയിൽ നിന്ന് ഇതിനു പ്രകടമായ മാറ്റം ഉണ്ട്. ഇ-ഇങ്ക് (e-ink) ടെക്നോളജിയിൽ

പ്രവർത്തിക്കുന്ന സ്ക്രീൻ കടലാസിനു തുല്യമായ വായനാനുഭവം ആണ് പ്രദാനം ചെയ്യുന്നത്.

കീബോഡിൽ നിന്നു ടച്ച് സ്ക്രീനിലേക്ക് വന്നതുകൊണ്ടു ഗവേഷണങ്ങൾ അവസാനിക്കുന്നില്ല. ഇന്ന് ലോകത്തെ വാർത്താ വിനിമയ മൊബൈൽസാങ്കേതിക ശാസ്ത്രജ്ഞർ പണിയെടുക്കുന്നത് സ്വാഭാവികസമ്പർക്ക മുഖങ്ങൾ (Natural user interface) കൊണ്ടുവരാനാണ്. അതായത് നമ്മുടെ നിത്യജീവിതത്തിലെ ആംഗ്യങ്ങളും നിർദ്ദേശങ്ങളും അനുസരിച്ചു ചുറ്റിനുമുള്ള ഉപകരണങ്ങൾ പ്രവർത്തിക്കുന്ന രീതി സംജാതമാക്കാനുള്ള സംവിധാനങ്ങൾ നിർമ്മിക്കാൻ. ശബ്ദാനുവർത്തിസേവനങ്ങൾ, ട്രാൻസ്‌ലിറ്ററേഷൻ എന്നിവ ഇതിനോടകം തന്നെ കുതിച്ചുചാട്ടത്തിനുള്ള സാധ്യതകൾ കാണിച്ചു തുടങ്ങിയിട്ടുണ്ട്. ഗൂഗിൾ ഗ്ലാസിനെപ്പറ്റിയുള്ള വാർത്തകൾ നാം കേട്ടു, ഇപ്പോൾ ഇലക്ട്രോണിക് കോൺടാക്റ്റ് ലെൻസിനെപ്പറ്റിയും വാർത്തകൾ എത്തുന്നു.

ഇതെല്ലാം ചേർന്ന് ഒരു മാധ്യമസമ്മേളനകാലം (Media convergence) ആകും നമുക്കു മുന്നിലേക്കു നടന്നടുക്കുന്നത്. കേവലം ഒരു വിരലനക്കംകൊണ്ടു ടെലിവിഷനിലെ ചാനൽ മാറുന്നു. അറിയാതെ ഉറങ്ങിയാൽ അതനുസരിച്ചു മുന്നിലെ സംഗീത–കാഴ്ചാ ഉപകരണങ്ങളും സ്വയം പ്രവർത്തനം അവസാനിപ്പിക്കുന്നു. ടെലിവിഷനിലേക്കു ചാനൽ വിഭവങ്ങൾ മാത്രമല്ല ഇന്ന് ഡിജിറ്റലായി ലഭ്യമായ എല്ലാ ഉള്ളടക്കവും എത്തുന്നു. ഇതെല്ലാം സമീപഭാവികാല ടെലിവിഷൻ മാറ്റങ്ങളാകും. മൊബൈൽ ഫോൺ വന്ന സമയത്ത് വിളിക്കാൻ മാത്രമായിരുന്നല്ലോ അതു നാമെല്ലാം കൈയിലെടുത്തിരുന്നത്. എന്നാൽ ഇന്നോ? അതിന്റെ ഉപയോഗരീതി തന്നെ മാറിയില്ലേ. എത്ര പെട്ടെന്നായിരുന്നു ഈ മാറ്റം. അതിനെക്കാൾ പ്രകടമായ മാറ്റം ഇന്റർനെറ്റ് ഓഫ് തിങ്ങ്സും മീഡിയകൺവർജൻസും കൂടി ചേർന്നു നമുക്കു മുന്നിലെത്തിക്കാൻ നിൽക്കുകയാണ്. വാർത്താവിനിമയരംഗത്തെ സമീപഭാവിപോലും അത്യന്തം ആശ്ചര്യജനകമാണ്. അപ്പോൾ കുറച്ചു വർഷങ്ങൾക്കുശേഷമുള്ള മാറ്റമോ? ചിന്തിക്കാൻ പോലും കഴിയാത്തത്ര അത്ഭുതങ്ങളാണ് ഭാവി നമുക്കായി ഒരുക്കിയിരിക്കുന്നത്.




ഇ–ബുക്ക് റീഡർ

അന്വേഷണം

# വിചിത്രമായ കുപ്പി

**നജീം സുൽത്താൻ**



വര: വിഷ്ണു പി എസ്

മേശപ്പുറത്ത് അടപ്പില്ലാത്ത ഒരു ഒഴിഞ്ഞ കുപ്പി ചരിച്ചു വയ്ക്കുക. അതിന്റെ വായ് ഭാഗത്ത് ഒരു ചെറിയ പേപ്പർറോൾ കടത്തിവയ്ക്കണം. ഇനി ആ പേപ്പർ റോളിനെ മറ്റൊന്നുകൊണ്ടും തൊടാതെ കുപ്പിക്കുള്ളിലേക്ക് ഊതി ക്കയറ്റാൻ ശ്രമിക്കൂ. എന്താണു സംഭ വിക്കുന്നത്? എന്തുകൊണ്ടാണ് അതു പുറത്തേക്കു തെറിക്കുന്നത്? പേപ്പർറോൾ പുറത്തേക്കു വരാതെ കുപ്പിക്കുള്ളിലേക്കു ഊതിക്കയറ്റാൻ എന്താണു മാർഗം?

**ചെയ്തു നോക്കി ഉത്തരം കണ്ടെത്തി ഞങ്ങൾക്കെഴുതുക. സമ്മാനങ്ങൾ കാത്തിരിക്കുന്നു.**

സൂചന : 1 ഒരേ വഴിയിൽകൂടി ഒന്നിച്ച് വരാനും പോകാനും കഴിയില്ല

സൂചന : 2 വഴിയൊരുക്കുക

(ഉത്തരം അടുത്തലക്കത്തിൽ)



## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

തളിരിലേക്ക് കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു. സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ പ്രതിഫലമോ സമ്മാനങ്ങളോ നൽകുന്നതാണ്.

# കാളയുടെ പ്രസവം

**(ജാതകകഥ)**
**ചിത്രീകരണം വെങ്കി**



രാജാവിന്റെ സേനയിലെ മുതിർന്നയാളായിരുന്നു സേനകൻ. ഗ്രാമീണരെ പരീക്ഷിക്കുവാൻ അയാൾ പല പരീക്ഷണങ്ങളും നടത്തുമായിരുന്നു. ഒരിക്കൽ സേനകൻ ഇതിനായി പുതിയൊരു വഴി കണ്ടെത്തി. കൊട്ടാരത്തിലെ കാളയ്ക്കു മൂക്കുമുട്ടെ തീറ്റയും വെള്ളവും നൽകി അതിന്റെ പള്ള നന്നായി വീർപ്പിച്ചു. വീർത്ത വയറിൽ എണ്ണ തേച്ചുമിനുക്കി. കൊമ്പുകൾ രാകി മുറിച്ചുകളഞ്ഞു.

എന്നിട്ട് ആ കാളയെ ഗ്രാമത്തിലേക്കു കൊടുത്തുവിട്ടു. കൂടെ ഒരു സന്ദേശവും:
"ഇതാ രാജാവിന്റെ കാളക്കൂറ്റൻ. പ്രസവിക്കാറായിട്ടുണ്ട്. അപകടമൊന്നും ഉണ്ടാവാതെ ഇതിന്റെ പ്രസവമെടുത്ത് കാളയെയും കുട്ടിയെയും കൊട്ടാരത്തിലെത്തിക്കണം. ഇല്ലെങ്കിൽ ആയിരം പണം പിഴ."



സേനകന്റെ നിർദ്ദേശം കേട്ട് ഗ്രാമീണർ അന്ധാളിച്ചു. അവർ ബോധിസത്വന്റെ അടുത്തെത്തി വിവരം പറഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ബോധിസത്വൻ പറഞ്ഞു. "രാജാവിനോടു നേരിട്ടു സംസാരിക്കാൻ ധൈര്യവും ബുദ്ധിയുമുള്ള ഒരാളെ കൊണ്ടുവരൂ." നാട്ടുകാർ അങ്ങനെയൊരാളെ എത്തിച്ചു.



ബോധിസത്വൻ അയാളോടു പറഞ്ഞു:
" നിങ്ങൾ കൊട്ടാരവാതിൽക്കൽ ചെന്നു കരയുകയും നിലവിളിക്കുകയും ചെയ്യണം. രാജാവല്ലാതെ ആരെന്തു ചോദിച്ചാലും കരയുകയേ ചെയ്യാവൂ. അപ്പോൾ നിങ്ങളെ രാജാവിന്റെ മുന്നിലെത്തിക്കും. രാജാവ് അന്വേഷിക്കുമ്പോൾ മാത്രം പറയണം. 'പ്രഭോ, ഏഴുദിവസമായി എന്റെ അച്ഛൻ പ്രസവവേദനകൊണ്ടു പുളയുന്നു. അദ്ദേഹത്തിന്റെ പ്രസവം അപകടമില്ലാതെ നടത്തിത്തരണേ' എന്ന്." ബോധിസത്വൻ നിർദ്ദേശിച്ചതുപോലെ അയാൾ കൊട്ടാരത്തിലെത്തി കരഞ്ഞു നിലവിളിച്ചു. അയാൾ പറഞ്ഞ കാര്യം കേട്ടപ്പോൾ രാജാവിനു കോപം വന്നു. രാജാവ് ചോദിച്ചു:









“ആണുങ്ങൾ പ്രസവിക്കുമോ? തനിക്കു ഭ്രാന്തുണ്ടോ?”
അതുകേട്ടപ്പോൾ അയാൾ രാജാവിനോടു തിരിച്ചു ചോദിച്ചു:
“അങ്ങനെയാണെങ്കിൽ അങ്ങെന്തിനാണ് കാളയുടെ പ്രസവമെടുക്കാൻ ഞങ്ങളുടെ ഗ്രാമത്തിലേക്കയച്ചത്?”
രാജാവിന് ഒന്നും മനസ്സിലായില്ല. അപ്പോൾ അയാൾ കാര്യങ്ങളെല്ലാം വിവരിച്ചു. അച്ഛന്റെ പ്രസവകാര്യം ആരാണ് ഉണ്ടാക്കിയതെന്നു രാജാവ് ആരാഞ്ഞു. ബോധിസത്വന്റെ ആശയമാണിതെന്ന് അയാൾ പറഞ്ഞപ്പോൾ രാജാവിനു സന്തോഷമായി.
രാജാവ് ബോധിസത്വന്റെ ബുദ്ധിയെ അഭിനന്ദിച്ചു.







ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനു കർമ്മധീരമായ നേതൃത്വം നൽകിയ കേരളത്തിന്റെ മുൻ സാംസ്കാരികവകുപ്പു മന്ത്രിയും സ്പീക്കറുമായിരുന്ന **ജി കാർത്തികേയന്റെ** സ്നേഹസ്മരണയ്ക്കു മുന്നിൽ ആദരപ്രണാമം.

**അറിയിപ്പ്**

ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പ്രസിദ്ധീകരണത്തിനായി കൈയെഴുത്തുപ്രതികൾ സമർപ്പിക്കുമ്പോൾ പകർപ്പ് സൂക്ഷിക്കുവാൻ അഭ്യർഥിക്കുന്നു. നിരസിക്കുന്നവ തിരിച്ചയയ്ക്കുന്നതല്ല.


**ഡയറക്ടർ**

# ഓട്ടിസം – പരിചരണമാണു ചികിത്സ

ഡോ. ബി പത്മകുമാർ

രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന നന്ദുവിനെക്കുറിച്ചു പരാതിപറയാനാണ് ടീച്ചർ അവന്റെ അമ്മയെ സ്കൂളിലേക്കു വിളിപ്പിച്ചത്. എന്തെങ്കിലും ചോദിച്ചാൽ മുഖത്തുനോക്കി മറുപടി പറയുകയില്ലായെന്നതായിരുന്നു പ്രധാന പരാതി. ചിരിച്ചാൽ തിരിച്ചു ചിരിക്കുകയില്ല. മറ്റു കുട്ടികളുമായി കളിക്കില്ല. എന്തെങ്കിലും ചോദിച്ചാൽ കൃത്യമായി മറുപടി പറയുകയില്ല. ഇങ്ങനെ പോയി ടീച്ചറുടെ പരാതികൾ. കഴിഞ്ഞ ദിവസം കുറെ പുതിയ വാക്കുകൾ പകർത്തിയെഴുതാൻ പറഞ്ഞപ്പോൾ പേജുനിറയെ ഒരുവാക്കുതന്നെ നിറയെ പകർത്തി വച്ചെന്നും ടീച്ചർ പറഞ്ഞു.

ടീച്ചർ നന്ദുവിനെ നേരെയാക്കാൻ കുറെയേറെ ശ്രമിച്ചെന്നു പറഞ്ഞു. സ്നേഹത്തോടെ ഉപദേശിച്ചുനോക്കി. വഴക്കുപറഞ്ഞുനോക്കി. ഇമ്പോസിഷനും നൽകി. പക്ഷേ ഫലമൊന്നുമില്ല. അതുകൊണ്ടാണ് അമ്മയെ വിളിപ്പിച്ചത്. ഏതെങ്കിലും നല്ല ഒരു ഡോക്ടറെ കാണിച്ച് നന്ദുവിനെ പരിശോധിക്കുന്നതും നല്ലതാണെന്ന് ടീച്ചർ കൂട്ടിച്ചേർത്തു.




നന്ദുവിനെ പരിശോധിച്ച കുട്ടികളുടെ ഡോക്ടറാണ് അസുഖം ഓട്ടിസമാണെന്നു കണ്ടെത്തിയത്. കുട്ടികളെ ബാധിക്കുന്ന ഒരു മാനസികാരോഗ്യപ്രശ്നമാണ് ഓട്ടിസം. പരിസരവുമായോ ചുറ്റുപാടുകളുമായോ യാതൊരു ബന്ധവുമില്ലാതെ തന്റേതായ ഒരു ലോകത്തു ജീവിക്കുന്നു എന്നതാണ് ഓട്ടിസത്തിന്റെ പ്രധാന പ്രത്യേകത.



## ചിരിക്കാതെ, വർത്തമാനം പറയാതെ

കുട്ടിയുടെ പ്രായത്തിനനുസരിച്ച് മറ്റുള്ളവരുമായി ഇടപെടാനുള്ള ശേഷി ഉണ്ടായിരിക്കുകയില്ല. പേര് ചോദിച്ചാൽ മുഖത്തുനോക്കി ഉത്തരം പറയുക, ചിരിക്കുമ്പോൾ തിരികെ പരിചയഭാവം കാണിച്ച് ചിരിക്കുക, ഒരു സാധനം ചൂണ്ടിക്കാണിച്ച് ആവശ്യപ്പെടുക, സമപ്രായക്കാരുമായി കളിക്കുക തുടങ്ങിയവ ഉണ്ടായെന്നുവരികയില്ല. സംസാരശേഷിയും പരിമിതമായിരിക്കും. അക്ഷരങ്ങൾ ചേർത്തുവെച്ച് അർത്ഥപൂർണമായി സംസാരിക്കാൻ ഓട്ടിസം ബാധിച്ച കുട്ടിക്കു കഴിഞ്ഞെന്നുവരിക




യില്ല. അതുപോലെതന്നെ ചില ശബ്ദങ്ങളും വാക്കുകളുമൊക്കെ ഒരു കാരണവുമില്ലാതെ ആവർത്തിച്ചുവെന്നുവരും. ചിലപ്പോൾ ഒരു പ്രവൃത്തി തന്നെ തുടർച്ചയായി ചെയ്തുകൊണ്ടിരിക്കും. കടലാസിന്റെ ഒരു പുറം നിറയെ ഒരു വാക്കു തന്നെ എഴുതി നിറയ്ക്കും. ഇതൊക്കെ ഓട്ടിസത്തിന്റെ സവിശേഷലക്ഷണങ്ങളാണ്.

## ഓട്ടിസം എന്തുകൊണ്ട്?

തലച്ചോറിന്റെ പ്രവർത്തനത്തകരാറുകൾ കൊണ്ട് ഓട്ടിസമുണ്ടാകാം. പാരമ്പര്യവും ഓട്ടിസത്തിനു കാരണമാകാം. ഒരു കുടുംബത്തിൽ ഒരു കുട്ടിക്ക് ഓട്ടിസമുണ്ടെങ്കിൽ മറ്റുകുട്ടികൾക്ക് ഓട്ടിസമോ സമാനമായ മറ്റു വൈകല്യങ്ങളോ ഉണ്ടാകാവുന്നതാണ്. വീടുകളിൽ ആവശ്യമായ പ്രോത്സാഹനവും പിന്തുണയും ലഭിക്കാതെ കുട്ടികൾ വളരുമ്പോൾ ഒറ്റപ്പെടലും ഏകാന്തതയും സമ്മാനിക്കുന്ന തീവ്രമായ മാനസികപിരിമുറുക്കവും ഓട്ടിസത്തിനുള്ള മറ്റൊരു കാരണമാണ്.

## ഓട്ടിസം എങ്ങനെ തിരിച്ചറിയാം?

കുട്ടിക്കു മൂന്നുവയസ്സാകുമ്പോഴാണ് പലപ്പോഴും ഓട്ടിസമുണ്ടെന്നു കണ്ടെത്താറുള്ളത്. ചില പ്രത്യേക ശാരീരികലക്ഷണങ്ങൾ ഈ തിരിച്ചറിവിനു സഹായിക്കുന്നു. എന്നാൽ ചെറിയ കുട്ടിയെ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെങ്കിൽ നേരത്തെ തന്നെ ഓട്ടിസം കണ്ടെത്താനും ആവശ്യമായ ചികിത്സയും പരിശീലനപരിപാടികളും ആരംഭിക്കാനും സാധിക്കും. ഒരു വയസ്സു പ്രായമായിട്ടുള്ള കുട്ടി യാതൊരുതരത്തിലുള്ള ശബ്ദവും പുറപ്പെടുവിക്കാതിരിക്കുന്നത് ഓട്ടിസംമൂലമാകാം. അതോടൊപ്പം തന്നെ അമ്മയെ കാണുമ്പോൾപോലും തിരിച്ചറിയാതിരിക്കുക, യാതൊരുതരത്തിലുള്ള സ്നേഹപ്രകടനങ്ങളും കാണിക്കാതിരിക്കുക, റ്റാറ്റാ പറയുന്നതുപോലുള്ള ശാരീരികഭാഷകൾ പ്രകടിപ്പിക്കാതിരിക്കുക എന്നിവയൊക്കെ ഓട്ടിസത്തിന്റെ ലക്ഷണമാകാം. ഇങ്ങനെയുള്ള കുട്ടികൾക്ക് രണ്ടു വയസ്സു പൂർത്തിയായാലും രണ്ടുവാക്കുകൾ ചേർത്തു സംസാരിക്കാൻ കഴിഞ്ഞെന്നു





**അമ്മയെകാണുമ്പോൾപോലും തിരിച്ചറിയാതിരിക്കുക, യാതൊരുതരത്തിലുള്ള സ്നേഹപ്രകടനങ്ങളും കാണിക്കാതിരിക്കുക, റ്റാറ്റാ പറയുന്നതുപോലുള്ള ശാരീരിക ഭാഷകൾ പ്രകടിപ്പിക്കാതിരിക്കുക എന്നിവയൊക്കെ ഓട്ടിസത്തിന്റെ ലക്ഷണമാകാം.**

വരികയില്ല.

നേരത്തെ നന്നായി സംസാരിക്കുകയും പ്രതികരിക്കുകയുമൊക്കെ ചെയ്തുകൊണ്ടിരുന്ന കുട്ടി പെട്ടെന്നു പിന്നോക്കം പോകുന്നതും ഓട്ടിസത്തിന്റെ ലക്ഷണമാണ്.

## കുട്ടിയെ പരിശീലിപ്പിക്കാം

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് നിരവധി ശാരീരിക പരിമിതികൾ ഉണ്ടെന്നുവരാം. പല്ലുതേയ്ക്കുക, ശരീരം ശുചിയാക്കുക, മലമൂത്ര വിസർജനം നടത്തുക, കുളിക്കുക തുടങ്ങി ദൈനംദിന കാര്യങ്ങളിൽപ്പോലും പരിമിതികൾ ഉണ്ടായെന്നുവരാം. ഇവ കണ്ടെത്തി അവ മറികടക്കുന്നതിനുള്ള പരിശീലനപരിപാടികൾ നടപ്പാക്കേണ്ടതുണ്ട്. അതോടൊപ്പം സംസാരശേഷി മെച്ചപ്പെടുത്തുന്നതിന് സ്പീച്ച് തെറാപ്പിയും ആവശ്യമായിവരും. പടംവരയ്ക്കാനും പാട്ടുപാടാനുമൊക്കെയുള്ള കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.

കുട്ടിയെ പരിചരിക്കാനും ആവശ്യമായ പിന്തുണ നൽകാനും മാതാപിതാക്കൾക്കും പരിശീലനം നൽകണം. കുട്ടിയുടെ പ്രശ്നങ്ങളും സ്വഭാവ വൈകല്യങ്ങളും കണ്ടെത്തി അവ പരിഹരിക്കാൻ മാതാപിതാക്കൾക്കു കഴിയണം. പടങ്ങൾ കാണിച്ചുകൊടുത്തു വിശദീകരിക്കുക, പാട്ടുകൾ പാടികേൾപ്പിക്കുക, ചോദ്യങ്ങൾ ചോദിച്ച് ഉത്തരം കണ്ടെത്താൻ ശ്രമിക്കുക, നൃത്തച്ചുവടുകൾ വച്ചുകാണിക്കുക എന്നിങ്ങനെ ഹൃദ്യമായ പരിശീലന പരിപാടികൾ കുട്ടിയിലേക്കെത്തിക്കാൻ കഴിയണം.

## തെറ്റിദ്ധാരണകൾ തിരുത്തണം.

ഓട്ടിസത്തെക്കുറിച്ച് നിരവധി അബദ്ധധാരണകൾ സമൂഹത്തിൽ നിലവിലുണ്ട്. ചികിത്സയ്ക്കായി ശാസ്ത്രീയ മാർഗങ്ങൾ സ്വീകരിക്കാതെ മന്ത്രവാദത്തിനും മാജിക് ചികിത്സയ്ക്കും പുറകെ പോകുന്നതും ഈ തെറ്റിദ്ധാരണകൾ മൂലമാണ്.

ഓട്ടിസത്തെ ഒരു മാനസികാരോഗ്യ പ്രശ്നമായി കണ്ട് ആവശ്യമായ ചികിത്സയും പരിചരണവും പരിശീലനവും നൽകാൻ മാതാപിതാക്കൾക്കു കഴിയണം. ഓട്ടിസം ബാധിച്ച കുട്ടിക്ക് മുഴുവൻ സമൂഹത്തിന്റെയും പ്രത്യേക പരിഗണനയും സാന്ത്വനവും ലഭിക്കണം. കുട്ടിയെ ഒറ്റപ്പെടുത്താതെ പൊതുസമൂഹത്തോടൊപ്പം ചേർത്തുനിർത്താൻ നമുക്കു കഴിയണം.

# പച്ചക്കടൽ

തകഴി ശങ്കരനാരായണൻ

പെരുമഴക്കാലങ്ങൾ
തോരാതെ കാക്കുന്ന
വരമാണു പച്ച
ക്കടലാണു കാടുകൾ!

പുലരിയും സന്ധ്യയും
പൗർണ്ണമിച്ചന്ദ്രനും
പുണരുന്ന മണ്ണിന്റെ
പുളകമിക്കാടുകൾ!

പാലകൾ പൂത്തു
സുഗന്ധമായ് മാറുന്ന
പാരിന്റെ ഗന്ധർവ
വനമാണു കാടുകൾ

രാവിനും പകലിനും
പഞ്ചമം പാടുന്ന
രാഗപ്പെരുങ്കടൽ-
തോറ്റമിക്കാടുകൾ

പുന്നയും പൂഗവും
പൊന്നാര്യവീരനും
കന്നിനിലാവിൽ
കുളിക്കുമീ നാട്ടിലെ,
ധന്യത പച്ച
പുതപ്പിച്ചുനിർത്തുന്ന
മന്നിലെ പ്രാണന്റെ-
യീണമിക്കാടുകൾ

കാട്ടരുവിക്കു തൻ
പാട്ടിനും താമര
മേട്ടിലെ നീല
ത്തടാക ജലത്തിനും

സൗഗന്ധികങ്ങൾ
വിരിഞ്ഞുലാവുന്നൊരു
സൗന്ദര്യമാണിവൾ,
പച്ച മണക്കുവോൾ!

പരമ സൗഭാഗ്യങ്ങ-
ളുയിരിന്നു നിത്യവും
ചൊരിയുന്ന സഞ്ജീവ-
നൗഷധി കാടുകൾ

വനമാകെ നിറയുന്ന
മകരനിലാവിന്റെ
നിറമാണു പച്ച-
ക്കടലാണു കാടുകൾ!



വര: സുധീർ പി വൈ

# മണ്ണിൽ നിന്നും മരുന്നോ!

പ്രൊഫ. എസ് ശിവദാസ്

2015 തുടങ്ങിയപ്പോൾ തന്നെ നല്ല ഒരു വാർത്ത പുറത്തുവന്നിരിക്കുന്നു. ആവേശകരമായ ആ വാർത്ത എന്തെന്നോ? മുപ്പതു വർഷങ്ങൾക്കുശേഷം പുതിയ ഒരു ആന്റിബയോട്ടിക് കണ്ടെത്തിയിരിക്കുന്നു. അതു കണ്ടെത്തിയിരിക്കുന്നത് മണ്ണിൽ നിന്നാണ് എന്ന കാര്യം നമ്മെ അത്ഭുതപ്പെടുത്തുകയും വേണം. 2015 ലോകമെങ്ങും മണ്ണിന്റെ വർഷമായി ആചരിക്കുമ്പോൾതന്നെ ഈ കണ്ടുപിടുത്തമുണ്ടായതാണ് ആശ്ചര്യകരം.


ആന്റിബയോട്ടിക്കുകൾ രോഗചികിത്സാരംഗത്ത് വിപ്ലവമുണ്ടാക്കിയ മരുന്നുകളാണ്. മൈക്രോബുകൾ ആണ് രോഗാണുക്കൾ. അതായത് സൂക്ഷ്മജീവികൾ. അവയെ നശിപ്പിക്കുന്ന വസ്തുക്കളാണ് ആന്റിബയോട്ടിക്കുകൾ. എന്നാൽ ആന്റിബയോട്ടിക്കുകൾ മനുഷ്യ (ജന്തു) ശരീരങ്ങളെ തകരാറിലാക്കുകയുമില്ല. അതാണ് അവയുടെ മെച്ചം.


അലക്സാണ്ടർ ഫ്ളെമിങ് ആണ് ആദ്യമായി ആന്റിബയോട്ടിക്കിനെ പ്രകൃതിയിൽ നിന്നു വേർതിരിച്ചെടുത്തത്. ഒരിനം


ഐ-ചിപ്പ്

കുമിളിൽ നിന്നും വേർതിരിച്ചെടുത്ത ആ ആന്റിബയോട്ടിക്കിനെ അദ്ദേഹം പെനിസിലിൻ എന്നു വിളിച്ചു. പിൽക്കാലത്ത് മൈക്രോബുകളുടെ പറുദീസയായ മണ്ണിൽ വിശദമായ പരിശോധന നടത്തി മൈക്രോബുകളെ കണ്ടെത്തി വളർത്തി അവയിൽ നിന്നും ആന്റിബയോട്ടിക്കുകൾ നിർമിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി.

ശ്രദ്ധിക്കുക: ആദ്യം പ്രകൃതിയിൽ നിന്നും ആന്റിബയോട്ടിക് കണ്ടെത്തും. എന്നിട്ട് ഒന്നുകിൽ അത് വേർതിരിച്ചെടുക്കും. അല്ലെങ്കിൽ അതിനെ കൃത്രിമമായി ഉണ്ടാക്കും. സംശ്ലേഷണം (Synthesis) വഴി. അതിന്റെ ഘടനയിൽ വ്യത്യാസം വരുത്തിയും പുതിയ ആന്റിബയോട്ടിക്കുകൾ ഉണ്ടാക്കും. എന്നാൽ അത്തരം കൃത്രിമമരുന്നുകൾ


മൈക്രോബുകൾ



മണ്ണിൽ തന്നെ നിക്ഷേപിക്കുന്ന ഐ ചിപ്പിൽ ഉള്ള അതിസൂക്ഷ്മഅറകളിൽ മണ്ണിലെ തന്നെ പരിസ്ഥിതിയിൽ വളരുന്ന ബാക്ടീരിയങ്ങളിൽ നിന്നും വേർതിരിച്ചെടുക്കുന്ന ദ്രാവകം (എക്സ്ട്രാറ്റ്) പരിശോധിച്ച് മൈക്രോബ് നാശന സ്വഭാവമുള്ള സംയുക്തങ്ങളെ കണ്ടെത്തും. അങ്ങനെ അവർക്കൊരു ആന്റിബയോട്ടിക് ലഭിച്ചു. അതാണ് ടെയിക്സോ ബെയ്ക്റ്റിൻ.


ഉണ്ടാക്കാനും ആദ്യം ഒരു മാതൃക വേണം. അതിനു പ്രകൃതിയെ ആശ്രയിക്കുകയും വേണം!

പെനിസിലിൻ, സ്ട്രെപ്റ്റോമൈസിൻ, ക്ലോറാംഫിനിക്കോൾ, എറിത്രോമൈസിൻ, വാൻകൊമൈസിൻ തുടങ്ങിയവയാണ് ഇന്ന് ഉപയോഗത്തിലുള്ള ആന്റിബയോട്ടിക്കുകൾ. 1940–1960 കാലത്തെ ആന്റിബയോട്ടിക്കുകളുടെ സുവർണകാലമെന്നു പറയുന്നു. മണ്ണിൽ പരിശോധന നടത്തി അനേകം ആന്റിബയോട്ടിക് സ്വഭാവമുള്ള സംയുക്തങ്ങളെ കണ്ടെത്താനായി. എന്നാൽ പിന്നീട് ആ ഗവേഷണം വഴിമുട്ടി. കാരണമുണ്ട്. മണ്ണിലെ ബാക്ടീരിയാമാതൃകകളിൽ 99 ശതമാനവും പരീക്ഷണശാലയിലെ അന്തരീക്ഷത്തിൽ വളരാൻ വിസമ്മതിക്കുന്നവയാണ്. അതിനാൽ അവയെ വളർത്തി അവയിൽ നിന്നും ആന്റിബയോട്ടിക് സ്വഭാവമുള്ള സംയുക്തങ്ങളെ വേർതിരിച്ചെടുക്കാൻ കഴിയുന്നില്ല.

എന്താണതിനുള്ള പരിഹാരം. മണ്ണിലെ മൈക്രോബുകളെ (സൂക്ഷ്മ ജീവികളെ) മണ്ണിലെ സ്വാഭാവികഅന്തരീക്ഷത്തിൽ തന്നെ വളർത്തുക. എന്നിട്ട് അവയിൽ നിന്നും ആന്റിബയോട്ടിക്കുകളെ ശേഖരിക്കുക. അതിനു പറ്റുന്ന ഒരു സംവിധാനമാണ് ഐ ചിപ്പ് (i chip). യു എസിലെ നോർത്തീസ്റ്റേൺ സർവകലാശാലയിലെ ഡോ. കിം ലെവിസ്ന്റെ നേതൃത്വത്തിലുള്ള ശാസ്ത്ര സംഘമാണ്. ഐ ചിപ്പ് എന്ന സംവിധാനം വികസിപ്പിച്ചത്. മണ്ണിൽ തന്നെ നിക്ഷേപിക്കുന്ന ഐ ചിപ്പിൽ ഉള്ള അതിസൂക്ഷ്മ അറകളിൽ മണ്ണിലെ തന്നെ പരിസ്ഥിതിയിൽ വളരുന്ന ബാക്ടീരിയങ്ങളിൽ നിന്നും വേർതിരിച്ചെടുക്കുന്ന ദ്രാവകം (എക്സ്ട്രാറ്റ്) പരിശോധിച്ച് മൈക്രോബ് നാശനസ്വഭാവമുള്ള സംയുക്തങ്ങളെ കണ്ടെത്തും. അങ്ങനെ അവർ പതിനായിരത്തോളം ബാക്ടീരിയങ്ങളിൽ നിന്നുള്ള എക്സ്ട്രാറ്റ് പരിശോധിച്ചു. അതിലൊന്നായിരുന്നു എലിഫ്തീരിയ (Eleftheria). അത് അവരെ തുണച്ചു. അതിൽനിന്നും അവർക്കൊരു ആന്റിബയോട്ടിക് ലഭിച്ചു. അതാണ് ടെയിക്സോ ബെയ്ക്റ്റിൻ (teixobactin)

ഈ മരുന്ന് അത്ഭുതകരമായ സ്വഭാവവിശേഷങ്ങൾ ഉള്ളതാണ് എന്ന് എലികളിൽ നടത്തിയ ടെസ്റ്റുകൾ തെളിയിച്ചു. നിലവിലുള്ള ആന്റിബയോട്ടിക്കുകൾക്കൊന്നും നശിപ്പിക്കാനാകാത്ത (പ്രതിരോധശക്തി ലഭിച്ച ) സൂപ്പർബഗ്ഗുകളെപ്പോലും ഇതു നശിപ്പിക്കും. പാർശ്വഫലങ്ങളൊന്നുമില്ല. ഈ മരുന്നിനെതിരെ പ്രതിരോധശക്തി അത്ര പെട്ടെന്നൊന്നും ഉണ്ടാകുകയുമില്ല.

പ്രതീക്ഷയുടെ എവറസ്റ്റിലാണ് ചികിത്സാരംഗത്തുള്ളവർ. പ്രതിരോധശേഷി കൈവരിച്ച ബാക്ടീരിയങ്ങളെ നശിപ്പിക്കാനുതകുന്ന ഒരു മരുന്ന് അധികം താമസിയാതെ മാർക്കറ്റിൽ ലഭ്യമായേക്കാം എന്നതു വലിയ ശുഭാപ്തിവിശ്വാസം വളർത്തുന്ന ഒന്നാണല്ലോ.



ടെയിക്സോ ബെയ്ക്റ്റിൻ

രണ്ടുവർഷത്തിനകം ഈ മരുന്ന് മനുഷ്യരിൽ പരീക്ഷിക്കാൻ സജ്ജമായേക്കും. കോടികൾ അതിനു ചെലവു വരുമെന്നും അറിയുക.

എത്ര ക്ലേശകരമാണ് ഒരു മരുന്നു കണ്ടെത്തുന്ന വഴി എന്ന് ബോധ്യപ്പെട്ടല്ലോ. കോടികൾ മുടക്കി വർഷങ്ങൾ നീണ്ട ഗവേഷണം അതിനാവശ്യമാണ്. അതുമാത്രവും പോരാ. മൈക്രോബുകളുടെ പറുദീസയായ മണ്ണ് നല്ല മണ്ണായി സൂക്ഷ്മ ജീവികളെയും വഹിച്ച് ലോകത്തു കാണുകയും വേണം. മണ്ണിൽ വിഷം കോരിയൊഴിച്ച് മൈക്രോബുകളെ നശിപ്പിച്ചിട്ട് മരുന്നുകൾക്കായി ഗവേഷണം ചെയ്യാനാവില്ല. മണ്ണിന്റെ വില ഇപ്പോഴെങ്കിലും വ്യക്തമായില്ലേ?



# അയ്യപ്പൻകുട്ടി

## വയലാർ ഗോപാലകൃഷ്ണൻ



പള്ളിക്കൂടത്തിൽനിന്നെത്തിയപ്പോൾ
അയ്യപ്പൻകുട്ടിയോടമ്മചൊല്ലി
പുസ്തകസഞ്ചി വലിച്ചെറിഞ്ഞാൽ
അച്ഛനാണേ നിന്നെ ഞാനടിക്കും
ടീവിക്കു മുന്നിൽ ചടഞ്ഞിരുന്നാൽ
താടിക്കു നല്ല കിഴുക്കു കിട്ടും
അത്താഴമുണ്ണുവാൻ കാലമായാൽ
അപ്പോൾ വിളിക്കാം പഠിക്കൂ വേഗം.

വര: സുധീർ പി വൈ


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഹയ്യോ!, വെക്കേഷനായാ
പിള്ളേര് ഈ വീട്
തകർക്കും
ഹയ്യോ...
?
എടാ.... ഞങ്ങൾക്ക്
ഇച്ചിരി മനഃസമാധാനം
താ...!
എന്നാ പിന്നെ പാല
ത്തിന്റെ അപ്പുറത്ത്
പോയി കളിക്കാം...
അല്ലേൽ റോഡിൽ
കളിച്ചാലെന്താ?
എടാ... നമുക്ക്
ടോമിന്റെ
വീട്ടിൽപോയി കളി
ച്ചാലോ?
? ? ? ?
നിങ്ങൾ ഇവിടെത്തന്നെ കളിച്ചോ...
അൽപ്പം പൊളിഞ്ഞാലും കുഴപ്പമില്ല.







# ഏപ്രിൽ മാസത്തെ ആകാശക്കാഴ്ചകൾ

ഷാജി അരിക്കാട്

ഏറ്റവും പഴക്കമുള്ള ശാസ്ത്രശാഖകളിലൊന്നാണ് ജ്യോതിശ്ശാസ്ത്രം. രാത്രിയാകാശം നിരന്തരം നിരീക്ഷിച്ചാണ് വിപ്ലവകരമായ പല സത്യങ്ങളും പ്രാചീനർ തിരിച്ചറിഞ്ഞത്. ജ്യോതിശ്ശാസ്ത്രപഠനത്തിന് ഇന്നും എന്നും വാനനിരീക്ഷണം ഒഴിച്ചുനിർത്താനാവാത്ത കാര്യം തന്നെ. ഈ ഏപ്രിൽ-മേയ് മാസങ്ങളിൽ അല്പനേരം ചിലവഴിച്ച് ആകാശത്തിലെ അത്ഭുതങ്ങൾ കാണാൻ ശ്രമിച്ചാലോ?

ഉൽക്കാവർഷം എന്നു കേട്ടിരിക്കും. മാനത്തെ മനോഹരമായ കാഴ്ചകളിലൊന്നാണിത്. കഴിഞ്ഞ മാസം കേരളത്തിൽ പലരും കണ്ട തീഗോളവും ഒരു ഉൽക്കയായിരുന്നു. അത്രയൊന്നും പ്രകാശമുണ്ടാകില്ലെങ്കിലും ഏപ്രിൽ മാസത്തിൽ നല്ലൊരു ഉൽക്കാവർഷം കാണാൻ അവസരമൊരുങ്ങുന്നുണ്ട്. ലൈറീഡ്സ് ഉൽക്കാവർഷമെന്നാണ് ഇത് അറിയപ്പെടുന്നത്. 22, 23 തീയതികളിലാണ് ഇത് ഏറ്റവും നന്നായി കാണുക. സൂര്യനുദിക്കുന്നതിന് ഒന്നോ രണ്ടോ മണിക്കൂർ മുൻപേ എഴുന്നേൽക്കണം. എന്നിട്ട് വടക്കേ ആകാശത്ത് 50-60 ഡിഗ്രി ഉയരത്തിൽ നോക്കൂ. മണിക്കൂറിൽ ഏകദേശം 10 മുതൽ 20 വരെ ഉൽക്കകൾ കത്തിയെരിഞ്ഞു വീഴുന്നതു കാണാം. ലൈറ നക്ഷത്രഗണത്തിന്റെ ഭാഗത്തായിരിക്കും ഉൽക്കാവർഷം. ലൈറ ഗണത്തിലെ നക്ഷത്രങ്ങളുമായി യഥാർത്ഥത്തിൽ ഈ ഉൽക്കകൾക്കു യാതൊരു ബന്ധവുമില്ല. 1861ൽ താച്ചർ എന്ന ധൂമകേതു കടന്നുപോയപ്പോൾ ഉപേക്ഷിക്കപ്പെട്ട പദാർത്ഥങ്ങൾ ചിതറിക്കിടക്കുന്ന പ്രദേശത്തുകൂടി ഭൂമി കടന്നുപോകുന്ന സമയത്താണ് ഉൽക്കാവർഷം ദൃശ്യമാവുന്നത്. ആ സമയം പശ്ചാത്തലത്തിൽ ലൈറ നക്ഷത്രഗണം ആയിരിക്കുമെന്നു മാത്രം. അവിടെയുള്ള കുറെ പദാർത്ഥങ്ങൾ ഭൂമിയുടെ അന്തരീക്ഷത്തിലേക്കു കടന്നു കത്തിത്തീരുന്നു. ഇവയാണ് ലൈറീഡ്സ് ഉൽക്കാവർഷത്തിൽ കാണപ്പെടുന്ന ഉൽക്കകൾ.

നക്ഷത്രനിരീക്ഷണത്തിനു നിങ്ങളെ സഹായിക്കാനായി നക്ഷത്രമാപ്പും ഇതൊടൊപ്പമുണ്ട്. ഏപ്രിൽ 15 രാത്രി 8.30 നുള്ള ആകാശക്കാഴ്ചയാണ് ചിത്രത്തിൽ കൊടുത്തിരിക്കുന്നത്. ഈ സമയത്തെ നക്ഷത്രക്കാഴ്ചയിൽ കൂടുതൽ കൗതുകം നൽകുന്നത് വേട്ടക്കാരൻ അഥവാ ഒറയൺ



ലൈറ നക്ഷത്രഗണം

എന്ന നക്ഷത്രഗണം തന്നെയായിരിക്കും. വേട്ടക്കാരന്റെ തോളുകളായി കണക്കാക്കുന്ന രണ്ടു നക്ഷത്രങ്ങളിൽ കിഴക്കുഭാഗത്തു കാണുന്ന നക്ഷത്രത്തിലേക്കു നോക്കൂ. ചുവന്ന നിറത്തിൽ കാണപ്പെടുന്ന ഇതാണ് തിരുവാതിര. ഇത് ചുവന്നഭീമൻ വിഭാഗത്തിൽപ്പെടുന്ന നക്ഷത്രം കൂടിയാണ്. ഭൂമിയിൽ നിന്നും 640 പ്രകാശവർഷം അകലെയാണ് തിരുവാതിര സ്ഥിതിചെയ്യുന്നത്. എടവം, മിഥുനം, കർക്കടകം, ചിങ്ങം, കന്നി എന്നി സൗരരാശികളും ഈ സമയത്ത് കാണാൻ കഴിയും. ശുക്രൻ, വ്യാഴം എന്നീ ഗ്രഹങ്ങളെയും കാണാം.

ഏപ്രിലിൽ എല്ലാ ദിവസവും ഇതേ സമയത്ത് ആകാശം നിരീക്ഷിക്കുകയാണെങ്കിൽ എടവം രാശിയിലൂടെയുള്ള ശുക്രന്റെ സഞ്ചാരം മനസ്സിലാക്കാം. എടവം രാശിയുടെ ഒരു ചിത്രം വരച്ചുവെച്ച് ഓരോ ദിവസത്തെയും ശുക്രന്റെ സ്ഥാനം അടയാളപ്പെടുത്തുന്ന ഒരു പ്രവർത്തനവും ചെയ്തു നോക്കാവുന്നതാണ്. 21ന് ചന്ദ്രക്കലയും എടവത്തിലെ തിളക്കമേറിയ നക്ഷത്രമായ അൽഡബെറാനും അടുത്തു നിൽക്കുന്ന കാഴ്ച കാണാം. ഇതിനായി രാത്രി 7 മണിക്കു മുൻപ് പടിഞ്ഞാറുഭാഗത്തായി നോക്കേണ്ടി വരും. 26ന് അർദ്ധചന്ദ്രനും വ്യാഴവും തമ്മിൽ അടുക്കുന്നതും കാണാം.

ഏപ്രിൽ മാസത്തിലെ കറുത്ത വാവു മുതലുള്ള ഒരാഴ്ചക്കാലം *ഇന്റർനാഷണൽ ഡാർക്ക് സ്കൈ വീക്ക്* ആയി ആചരിക്കുന്നു. ഈ ഒരാഴ്ചക്കാലം വീടിനു പുറത്തുള്ള വെളിച്ചം മുഴുവൻ അണച്ചുകൊണ്ട് നമുക്കും ഇതിൽ സഹകരിക്കാവുന്നതാണ്. വാനനിരീക്ഷണത്തെ ദോഷകരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് രാത്രിയിൽ നമ്മൾ ഉപയോഗിക്കുന്ന വൈദ്യുതവിളക്കുകൾ. വെളിച്ചത്തിന്റെ മലിനീകരണമില്ലാതെ ആകാശസൗന്ദര്യം ആസ്വദിക്കുക എന്നതാണ് ഈ വാരാചരണത്തിനു പിന്നിലുള്ള ഉദ്ദേശം. അപ്പോൾ രാത്രിയിൽ മാനംനോക്കാൻ മറക്കല്ലേ.



വര: ടി ആർ രാജേഷ്



# വയസ്സനും പക്ഷികളും

അർഷാദ് ബത്തേരി

നല്ല തണുപ്പുള്ള രാത്രിയിൽ വയസ്സൻ ക്ഷീണത്തോടെ മരത്തിന്റെ ചുവട്ടിലേക്കുചെന്ന് ചാരിയിരുന്നു. തണുത്ത കാറ്റ് വന്ന് ഊക്കോടെ മരത്തിലെ ഇലകളെ ഒന്നാകെ ഉലച്ചു കൊണ്ടിരുന്നു. അന്നേരം നനഞ്ഞ ഇലകൾ കൂട്ടത്തോടെ വൃദ്ധന്റെ ദേഹത്തേക്കു വീണു. കാറ്റിനാലും, നനഞ്ഞ ഇലകളാലും വൃദ്ധൻ തണുത്തു വിറച്ചു. തണുപ്പു കൂടുംതോറും വൃദ്ധനു ശരീരം വേദനിക്കാൻ തുടങ്ങി. റോഡിൽ നിന്നും അൽപ്പം ദൂരെയായി നിൽക്കുന്ന ആ കൂറ്റൻ ഒറ്റ മരത്തിനരികിൽ വൃദ്ധൻ ചുരുണ്ടുകൂടികിടന്നു. ആരും അതുവഴി കടന്നുപോയില്ല. ഒരു ശബ്ദവും കേൾക്കാനില്ല. ഭയപ്പെടുത്തുന്ന ഏകാന്തതയിൽ വൃദ്ധൻ കണ്ണുകളടച്ചു; ഒന്നുകൂടെ ചുരുണ്ടു. ഇടയ്ക്കിടെ വൃദ്ധൻ ചുമച്ചു. അയാളുടെ ദീനമേറിയ ചുമയുടെ ശബ്ദം മാത്രം ഉയർന്നു കേൾക്കാം. വീണ്ടും നിശ്ശബ്ദത. തണുപ്പിന്റെ കാഠിന്യമേറി. സഹിക്കാൻ വയ്യാതായപ്പോൾ വൃദ്ധൻ കരയാൻ തുടങ്ങി.

''എനിക്ക് ഈ ഗതി വന്നല്ലോ.... ദൈവമേ....

എനിക്ക് ഈ ഗതി വന്നല്ലോ.... ദൈവമേ....''

വൃദ്ധൻ ഉച്ചത്തിൽ കരഞ്ഞു. കുറെ നേരം കഴിഞ്ഞപ്പോൾ കരച്ചിൽ നിർത്തി. തേങ്ങിക്കൊണ്ടിരുന്നു.

''എന്തിനാ ഇങ്ങനെ കരയ്യന്നത്?'' വളരെ ചെറിയ ഒരു ശബ്ദം വൃദ്ധൻ കേട്ടു. തോന്നിയതാവുമെന്നു കരുതി തന്റെ കൈയിലെ തുണിസഞ്ചിയെടുത്ത് തലയുടെ അടിയിലേക്കു വെച്ചു.

“മുത്തച്ഛാ... യെന്തിനാ കരേണത്?” വീണ്ടും ആ ശബ്ദമുയർന്നു.

വൃദ്ധൻ എഴുന്നേറ്റിരുന്നു ചുറ്റും നോക്കി. മരങ്ങളിൽ നിന്നും വീണ്ടും ഇലകൾ വീണുകൊണ്ടിരുന്നു.

“മുത്തച്ഛാ ഒന്നു മുകളിലേക്കു നോക്കാമോ?” വൃദ്ധൻ കഷ്ടപ്പെട്ട് എഴുന്നേറ്റു മുകളിലേക്കു നോക്കി. മരക്കൊമ്പുകളിൽ മൂന്നു പക്ഷികൾ നിരയൊപ്പിച്ചു നിൽക്കുന്നതു കണ്ടു. വൃദ്ധൻ ശബ്ദത്തിന്റെ ഉറവിടം അന്വേഷിച്ച് വീണ്ടും ചുറ്റും നോക്കി.

“മുത്തച്ഛാ.. ആരെയും നോക്കണ്ട... ഞങ്ങളാണ് മുത്തച്ഛനോടു ചോദിച്ചത്” വൃദ്ധൻ തല പൂർണ്ണമായും ഉയർത്തി. പക്ഷികളുടെ ചെറുചിരി വൃദ്ധന് ആശ്വാസം പകർന്നു. അവർ ഒന്നു പറന്നുകളിച്ച ശേഷം ഏറ്റവും താഴത്തെ കൊമ്പിലേക്കു വന്നിരുന്നു. വൃദ്ധൻ ആശ്വാസത്തോടെ ചിരിച്ചു.

“മുത്തച്ഛൻ ഒറ്റയ്ക്കാണോ?... ആരുമില്ലെ തുണയായിട്ട്?” ഒരു പക്ഷി ചോദിച്ചു.

“എല്ലാവരുമുണ്ടായിരുന്നു, എന്റെ സ്വത്തുക്കളൊക്കെ കൈക്കലാക്കുന്നതു വരെ. അതെല്ലാം കിട്ടിക്കഴിഞ്ഞപ്പോൾ എന്നെയവർ പുറത്താക്കി. പിന്നെ കാലങ്ങളായിട്ട് ഞാനിങ്ങനെ അലഞ്ഞു നടക്കുവാ.”

“ഇപ്പോൾ എങ്ങോട്ടാണു പോകുന്നത്?”

“ദൂരെ ഒരു ഗ്രാമത്തില് ഒരു വല്യ കുന്ന്ണ്ടത്രേ.... അവിടെ ചെന്നാൽ സമാധാനത്തോടെ ജീവിക്കാൻ കഴിയുമെന്ന് എന്നോടൊരാൾ പറഞ്ഞു. ഞാനാ കുന്നിലേക്കു പോവുകയാണ്.”

“തണുക്കുന്നുണ്ടല്ലേ....” മറ്റൊരു പക്ഷി വിഷമത്തോടെ ചോദിച്ചു.

അതേയെന്ന ഭാവത്തിൽ വൃദ്ധൻ തലയാട്ടി.

“നിങ്ങളെന്നും ഈ മരത്തിലാണോ താമസിക്ക്ന്നത്..?” വൃദ്ധൻ ചോദിച്ചു.

“അല്ല, കുന്നായ കുന്നെല്ലാം മനുഷ്യമ്മാര് ഇടിച്ചു നിരത്തുകയല്ലേ... മരങ്ങളൊക്കെ ഇല്ലാണ്ടാവാണ്.... ഞങ്ങൾക്ക് ഒരിടത്തും ജീവിക്കാൻ വയ്യാണ്ടായി.. അങ്ങനെയാണ് ഇവിടെയെത്തിയത്.”

വൃദ്ധൻ കുറച്ചു നേരത്തേക്ക് ഒന്നും പറഞ്ഞില്ല. തല താഴ്ത്തിനിന്നു.

“മനുഷ്യന്മാർക്ക് മരങ്ങളൊന്നും വേണ്ട.... കെട്ടിടങ്ങൾ മാത്രം മതി... ഭൂമിയൊന്നാകെ നശിപ്പിക്കാണ്...” മറ്റൊരു പക്ഷി ദേഷ്യത്തോടെ പറഞ്ഞു. അപ്പോഴും വൃദ്ധൻ ഒന്നും മിണ്ടിയില്ല.

“കാറ്റും മഴയുമില്ലാതെ... മനുഷ്യരും ജന്തുക്കളുമൊക്കെ വരണ്ട് മരിച്ചു പോകും... വരും തലമുറയെപ്പോലും നശിപ്പിക്കാണ് ഈ ആർത്തിപ്പണ്ടാരങ്ങൾ.” വൃദ്ധൻ ഉള്ളിലെ വേദന സഹിക്ക വയ്യാതെ കരഞ്ഞു.

“മുത്തച്ഛനെന്തിനാണ് കരേന്നത്?” മൂന്നു പക്ഷികളും അത്ഭുതത്തോടെ ഒരുമിച്ചു ചോദിച്ചു. വൃദ്ധൻ രണ്ടു കൈകളും ചേർത്തു പിടിച്ച് പക്ഷികളെ നോക്കി കൂപ്പുകൈയോടെ നിന്ന് തന്റെ കഥ പറയാൻ തുടങ്ങി:

“നിങ്ങളെന്നോടു ക്ഷമിക്കണം, ഞാൻ വലിയൊരു സമ്പന്നനായിരുന്നു. ഭംഗിയേറിയതും വലുതുമായ വീടുകൾ നിർമ്മിച്ചു വിൽക്കലായിരുന്നു എന്റെ ബിസിനസ്സ്. ആദ്യമാദ്യം ഞാൻ ചെറിയ ചെറിയ വീടുകളുണ്ടാക്കി വിറ്റു. പിന്നീട് പണത്തോടുള്ള ആർത്തി മൂത്ത് ഞാൻ വലിയവലിയ കുന്നുകൾ വിലയ്ക്കു വാങ്ങി ഇടിച്ചു നിരത്തി സമ്പന്നർക്കായി വലിയ വീടുകളുണ്ടാക്കി വിൽക്കാൻ തുടങ്ങി. ആവശ്യക്കാർ കൂടിയപ്പോൾ എനിക്ക് ആവേശവും ആർത്തിയും കൂടി. ഞാൻ ഗ്രാമങ്ങളായ ഗ്രാമങ്ങളിലെല്ലാം ചെന്ന് കുന്നുകളായ കുന്നുകളൊക്കെ ഇല്ലാതാക്കി. അങ്ങനെ ഞാൻ കോടീശ്വരനായി. എന്റെ മക്കൾക്ക് അഹങ്കാരവും അറിവില്ലായ്മയും ഏറിയേറി വന്നു. അവർ എന്നിൽ നിന്നും എല്ലാം കൈക്കലാക്കി എന്നെയും നശിപ്പിച്ചു. എന്നെ എന്നെന്നേക്കുമായി വലിച്ചെറിഞ്ഞു. അവരും നശിച്ചു പോയി. ഇന്നിപ്പോൾ ഞാൻ നിൽക്കാനൊരിടമില്ലാതെ, വിശപ്പടക്കാൻ വഴിയില്ലാതെ അലയുകയാണ്.” വൃദ്ധൻ തേങ്ങി. കണ്ണുകളിൽ വെള്ളം നിറഞ്ഞപ്പോൾ ഒന്നും കാണാൻ കഴിയാതെ വന്നു. അന്നേരം കൊമ്പിൽ നിന്നും പഴുത്ത ഒരു മാങ്ങ വൃദ്ധന്റെ കൈകളിലേക്ക് ഞെട്ടറ്റ് വീണു. അത്ഭുതത്തോടെ വൃദ്ധൻ അത് മണത്തുനോക്കി. ആർത്തിയോടെ

**വൃദ്ധൻ തേങ്ങി. കണ്ണുകളിൽ വെള്ളം നിറഞ്ഞപ്പോൾ ഒന്നും കാണാൻ കഴിയാതെ വന്നു. അന്നേരം കൊമ്പിൽ നിന്നും പഴുത്ത ഒരു മാങ്ങ വൃദ്ധന്റെ കൈകളിലേക്ക് ഞെട്ടറ്റ് വീണു. അത്ഭുതത്തോടെ വൃദ്ധൻ അത് മണത്തുനോക്കി. ആർത്തിയോടെ മാങ്ങ കടിച്ചു തിന്നു.**

മാങ്ങ കടിച്ചു തിന്നു. ആ മാമ്പഴത്തിന്റെ മനോഹര മായ മണം അവിടെയെല്ലാം നിറഞ്ഞു.

''മുത്തച്ഛാ, മുത്തച്ഛന് വിശക്കുന്നുണ്ടെന്നു പറഞ്ഞ പ്പോൾ ഈ മരം പഴുത്ത മാങ്ങ സമ്മാനിച്ചതു കണ്ടി ല്ലേ. നല്ല സ്വാദുള്ള മാങ്ങ യല്ലേ?''

''അതെ.... സത്യം''

''ഇങ്ങനെയുള്ള എത്ര മരങ്ങളെ മുത്തച്ഛൻ ഇല്ലാതാ ക്കിയെന്ന് ഓർമ്മയുണ്ടോ?'' പക്ഷികൾ വീണ്ടും കൂട്ട ത്തോടെ ചോദിച്ചു.

''എന്നോട് പൊറുക്കണം. വിശക്കുമ്പോൾ വിശപ്പടക്കാ നും, തണൽ തരാനുമൊക്കെ മരങ്ങൾക്കാവുമെന്ന് എനി ക്കറിയില്ലായിരുന്നു. അല്ല! അറിയാമായിരുന്നിട്ടും ഞാന തൊന്നും ഗൗനിച്ചതേയില്ല.'' വൃദ്ധൻ കരയാൻ തുടങ്ങി.

''മുത്തച്ഛൻ കരയേണ്ട.. തെറ്റുകൾ മനസ്സിലാക്കി ജീവിക്കാനുള്ള ഒരു മനസ്സ് മുത്തച്ഛനുണ്ടല്ലോ. അതു മതി.... ഇനിയെങ്കിലും ഇതൊന്നും ആവർത്തിക്കാ തിരിക്കുമല്ലോ.''

''ഇല്ല മക്കളെ, ഈ കൈകൊണ്ട് ഒരു മര ത്തെയും ഞാൻ നശിപ്പി ക്കില്ല... ഇനിയുള്ള കാലം വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ച് ഞാൻ ജീവിക്കും. ഓരോ മരവും ഓരോ ജീവിതമാണ് സമ്മാനിക്കുകയെന്ന് ഞാൻ പറഞ്ഞു നടക്കും.''

സംസാരിച്ചുസംസാരിച്ചു നേരം വെളുത്തു. ആകാശം തെളിഞ്ഞു. മരങ്ങൾ മഞ്ഞി നാൽ നനഞ്ഞു നിൽക്കുന്ന കാഴ്ച കണ്ട് വൃദ്ധനും പക്ഷികളും പരസ്പരം ആഹ്ലാദം പങ്കുവെച്ചു. മര ങ്ങൾ അവരെയും നോക്കി ചിരിച്ചു. ഇലകളിലേക്കു



കാറ്റു വന്നപ്പോൾ കൊമ്പു കൾ ഭംഗിയോടെ നൃത്തം വെച്ചു. തന്റെ തുണി സഞ്ചി യിൽ നിറയെ മാങ്ങകൾ പറിച്ചിട്ട് വൃദ്ധൻ നടക്കാൻ തുടങ്ങി.

''മുത്തച്ഛൻ എങ്ങോ ട്ടാണ്?''

''ഞാൻ പറഞ്ഞില്ലേ... അങ്ങ് ദൂരെ ഗ്രാമത്തിൽ ഒരു കുന്നുണ്ടെന്ന്.... ഇനിയുള്ള കാലം അവിടെ പോയി കഴി യാൻ പോവുകയാണ്.....'' വൃദ്ധൻ നടന്നു തുടങ്ങി.

പക്ഷികൾ വൃദ്ധൻ കാണാതെ പിൻതുടർന്നു. കുറെ ദൂരെ ചെന്നപ്പോൾ വഴി യരികിൽ ഇരുന്നു മരങ്ങൾ നടുന്ന വൃദ്ധനെ കണ്ട് പക്ഷി കൾ സന്തോഷിച്ചു.

അവർ ഉയർന്നുപൊങ്ങി പറന്നു

''വേഗം വാ... നമുക്കിത് എല്ലാവരെയും അറിയി ക്കണം... വേഗം വാ....''

വൃദ്ധൻ മരങ്ങൾ നട്ടുനട്ട് കുന്നുകളിലേക്കു നടന്നു പോകുകയാണ്. ആ സത്യം പറയാനായി പക്ഷികൾ പറന്നു പോയി...

# ഐബീരിയൻ ലിൻക്സ്



രണ്ടു കൊമ്പും താടിയുമുള്ള പൂച്ച! കണ്ടിട്ട് അങ്ങനെയാണു തോന്നുന്നത്, അല്ലേ? ശരിക്കും നോക്കിയാൽ അവ കൊമ്പല്ല എന്നു കാണാം. ചെവിയിൽനിന്നും മുകളിലേക്ക് എഴുന്നുനിൽക്കുന്ന കുറച്ചുരോമങ്ങൾ! ഈ ജീവിയെ പൂച്ചയെന്നു ധരിച്ചെങ്കിൽ തെറ്റി! ലിൻക്സ് എന്ന ജീനസിൽപ്പെട്ട, കാട്ടു പൂച്ചയെപ്പോലുള്ള ഒരു തരം ജീവിയാണിത്. ഐബീരിയൻ ലിൻക്സ് (Iberian lynx -Lynx pardinus) എന്നാണ് ഈ ചങ്ങാതിയുടെ പേര്! ഐബീരിയൻ ഉപദ്വീപിൽ മുഴുവനും ഒരുകാലത്ത് സർവ്വസാധാരണമായിരുന്ന ഇവർ ഇന്ന് ഒന്നോ രണ്ടോ പ്രദേശത്തുമാത്രമായി ചുരുങ്ങിയിരിക്കുകയാണ്. ഗുരുതരമായ വംശനാശഭീഷണിയിലാണ് ഈ ചങ്ങാതിയുടെ കുടുംബക്കാർ.

ചിത്രം കണ്ടാൽ പൂച്ചയെന്നു തോന്നുമെങ്കിലും നേരിട്ടു കണ്ടാൽ സംശയം മാറിക്കിട്ടും. നമ്മുടെ വീട്ടിൽ കാണുന്ന പൂച്ചകളുടെ ഇരട്ടി വലിപ്പമുണ്ടിവർക്ക്. ഏതാണ്ട് ഒരു മീറ്ററോളം നീളവും 60-70 സെന്റീമീറ്ററോളം ഉയരവും! ഒരു വലിയ പൂച്ച എന്നു വിളിക്കാം. ഏതാണ്ട് 10 കിലോഗ്രാമോളം ഭാരവും ഇവയ്ക്കുണ്ടാകും. ഇവരുടെ ബന്ധുക്കളായ യൂറേഷ്യൻ ലിൻക്സുകളാണ് ഏറ്റവും വലിപ്പമേറിയവർ. 30 കിലോഗ്രാംവരെ ഭാരം വയ്ക്കുന്ന ലിൻക്സുകളാണവർ. 2002ലെ ഒരു കണക്കെടുപ്പിൽ വെറും 50 ഐബീരിയൻ ലിൻക്സുകളെ മാത്രമേ കണ്ടെത്താനായുള്ളൂ. യൂറോപ്യൻ മുയലുകളായിരുന്നു ഇവരുടെ പ്രിയപ്പെട്ട ആഹാരം. ഇവരുടെ ഭക്ഷണത്തിലെ 90ശതമാനവും കണ്ടെത്തിയിരുന്നത് ഈ മുയലുകളെ വേട്ടയാടിയും. Myxoma virus എന്ന വൈറസ് മുയലുകളെ ആക്രമിച്ചതോടെയാണ് ഇവയുടെ എണ്ണം ഗണ്യമായി കുറയാൻ തുടങ്ങിയത്.

രസകരമായ കാര്യമെന്തെന്നാൽ ഈ വൈറസുകളെ ആസ്ട്രേലിയയിൽ മുയലുകളെ നിയന്ത്രിക്കാനായി ഉപയോഗിച്ചിരുന്നു എന്നതാണ്. ഒരുകാലത്ത് പെറ്റുപെരുകി ആസ്ട്രേലിയയെ കീഴടക്കിയ കൂട്ടരാണ് യൂറോപ്യൻ മുയലുകൾ. അവയുടെ വ്യാപനം തടയാൻ മൂവായിരം കിലോമീറ്ററോളം തുടർച്ചയായ മുയൽചാടാവേലി (Rabbit proof fence) പണിത ചരിത്രവും ആസ്ട്രേലിയയ്ക്കുണ്ട്. പക്ഷേ ഐബീരിയിയുടെ കാര്യത്തിൽ വൈറസ് ആക്രമണം മുയലുകൾക്കൊപ്പം ലിൻക്സുകളെക്കൂടി ബാധിച്ചു. ഇവയെ ആഹാരമാക്കിയിരുന്ന ഐബീരിയൻ ലിൻക്സുകളുടെ കാര്യം കഷ്ടത്തിലായി. ഇതോടൊപ്പം ലിൻക്സുകളെ വേട്ടയാടലും ഭൂമിയുടെ ഉപയോഗത്തിൽ വന്ന മാറ്റവും കാര്യങ്ങൾ കൂടുതൽ ഗുരുതരമാക്കുകയും ചെയ്തു.

വിരലിലെണ്ണാവുന്നവർ മാത്രമായി ചുരുങ്ങിയെങ്കിലും ഇപ്പോൾ പ്രത്യാശയ്ക്കു വകയുണ്ടെന്നാണു പറയപ്പെടുന്നത്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ സർക്കാരുകൾ ചെയ്തുതുടങ്ങി. അടുത്തയിടെ നടത്തിയ കണക്കെടുപ്പിൽ ഏകദേശം 400 ലിൻക്സുകളെ കണ്ടെത്തിയിരുന്നു. യൂറോപ്യൻ മുയലുകളെ കൂടുതൽ വിന്യസിച്ചും വംശവർദ്ധനവിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചും ഐബീരിയൻ ലിൻക്സുകളെ സംരക്ഷിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. നമുക്കു കാത്തിരിക്കാം, വംശനാശഭീഷണിയിൽനിന്നും ഒരു സ്പീഷീസ് കൂടി രക്ഷപ്പെടുന്ന കാലത്തിനായി..

**എൻ കെ എസ്**

സുഗതകുമാരി



# വൈഷ്ണവ യജ്ഞം

ഗന്ധർവന്മാരുടെ മുന്നിൽ പരാജയപ്പെട്ടതെക്കാളും ദുര്യോധനനു പ്രാണവേദനയുണ്ടാക്കിയത് പാണ്ഡവന്മാർ തങ്ങളെ രക്ഷിച്ചു മടക്കിയയച്ചു എന്നതിലാണ്. യുധിഷ്ഠിരന്റെ സൗമ്യമായ ശാസനയും ഭീമസേനന്റെ ഹാസ്യഭാവവും അർജുനന്റെ ഉദാസീനമായ നിൽപ്പും എല്ലാം ദുര്യോധനനെ തീപ്പൊള്ളലേറ്റപോലെ തപിപ്പിച്ചു. ആത്മഹത്യയ്ക്കൊരുങ്ങിയ ദുര്യോധനനെ കർണനും സഹോദരന്മാരുമെല്ലാം കൂടി ഒരുവിധത്തിലാണ് ആ നിശ്ചയത്തിൽ നിന്നു പിന്മാറ്റിയത്. കൗരവന്മാർക്കുണ്ടായ പരാജയത്തിന്റെ ക്ഷീണം മാറ്റുവാൻ കർണൻ ഒരു ദിഗ്വിജയയാത്രയ്ക്കിറങ്ങി. സേനാപരിവൃതനായി ആയുധപാണിയായി ആ തേജസ്വിയായ വില്ലാളിവീരൻ ഓരോ രാജ്യത്തും കടന്നുചെന്നു. എതിർത്തവരെയെല്ലാം തോൽപ്പിച്ചു കപ്പംവാങ്ങി. ദ്രുപദരാജാവിനെപ്പോലും പോരിൽ വെന്ന് മഹാധനം നേടി. പലരാജാക്കന്മാരും യുദ്ധം ചെയ്യാൻ ധൈര്യപ്പെടാതെ കപ്പം നൽകി ഹസ്തിനപുരിയുടെ മേൽക്കോയ്മ സ്വീകരിച്ചു. ദിഗ്വിജയം നടത്തി എണ്ണിയാലൊടുങ്ങാത്ത ധനവുമായി മടങ്ങിയെത്തിയ കർണനെ ദുര്യോധനൻ സഹർഷം ആലിംഗനം ചെയ്തു. പാണ്ഡവരെ തോൽപ്പിക്കുവാൻ ഈ ഒരുവൻ മതിയാകുമെന്ന് ദുര്യോധനൻ ആശ്വാസം പൂണ്ടു.

ഇതിനെത്തുടർന്ന് മുമ്പ് പാണ്ഡവർ നടത്തിയതുപോലുള്ളൊരു മഹായജ്ഞം നടത്തുവാൻ കൗരവർ തീരുമാനിച്ചു. എന്നാൽ യുധിഷ്ഠിരനെപ്പോലെ രാജസൂയം നടത്തുവാൻ പുരോഹിതന്മാർ അനുവദിച്ചില്ല. കുലത്തിൽ മൂത്തയാൾക്കു മാത്രമേ അതിന് അധികാരമുള്ളൂ എന്നവർ വിധിക്കയാൽ വൈഷ്ണവം എന്ന മഹായജ്ഞം നടത്തുവാനാണ് തീരുമാനമായത്.

യാഗഭൂമി തയാറായി. രാജാവ് കലപ്പകൊണ്ട് ഉഴുത് ആ സ്ഥലം പവിത്രമാക്കി. എല്ലാ രാജാക്കന്മാരെയും ബ്രാഹ്മണരെയും യജ്ഞത്തിനു ക്ഷണിച്ചു. അക്കൂട്ടത്തിൽ ഒരു ദൂതനെ ദുശ്ശാസനൻ ദ്വൈതവനത്തിലേക്കും അയച്ചു. ദൂതൻ കാട്ടിൽച്ചെന്നു പാണ്ഡവരെ വന്ദിച്ച് യജ്ഞത്തിനുള്ള ക്ഷണപത്രം നൽകിയിട്ടു പറഞ്ഞു. 'മഹാരാജാവു ദുര്യോധനൻ പറഞ്ഞയച്ച ദൂതനാണു ഞാൻ. സ്വന്തം വീര്യംകൊണ്ട് എല്ലാ രാജാക്കന്മാരെയും പരാജിതരാക്കി മഹാധനം നേടിയ മഹാവീരനായ ദുര്യോധനനൃപൻ ഒരു വിശിഷ്ടമായ യജ്ഞം നടത്തുകയാണ്. വിപ്രന്മാരും രാജാക്കന്മാരും കൂട്ടംകൂട്ടമായി യാഗഭൂമിയിൽ എത്തിക്കൊണ്ടിരിക്കുകയാണ്. ആ മഹായജ്ഞം വന്നു കാണുവാൻ നിങ്ങളെ ഏവരെയും ജനേശ്വരനായ ദുര്യോധന മഹാരാജാവ് ക്ഷണിച്ചിരിക്കുന്നു.'

ഇതുകേട്ട യുധിഷ്ഠിരൻ സന്തോഷത്തോടെ പറഞ്ഞു. 'ദുര്യോധനമഹാരാജാവ് പൂർവികർക്കു കീർത്തി വർധിക്കുമാറ് ഈവിധമൊരു യാഗം നടത്തുന്നതു ഭാഗ്യമത്രേ. തീർച്ചയായും ഞങ്ങൾ വരുമായിരുന്നു. പക്ഷേ ഞങ്ങൾക്കു വരുവാൻ സാധിക്കാത്ത സമയമാണിതെന്നതിനാൽ അതിനു കഴിയുന്നില്ല. പതിമൂന്നുവർഷം ഞങ്ങൾ കാത്തിരിക്കേണ്ടിയിരിക്കുന്നു.'

യുധിഷ്ഠിരന്റെ സൗമ്യവാക്കുകൾകേട്ടു ചൊടിച്ചുകൊണ്ട് ഭീമസേനൻ പറഞ്ഞു. 'ദൂതാ, ചെന്നു പറയുക, ധർമരാജാവായ യുധിഷ്ഠിരൻ പതിമൂന്നാണ്ടിനു ശേഷം അസ്ത്രശസ്ത്രങ്ങളാകുന്ന അഗ്നികത്തിച്ചുകൊണ്ട് അങ്ങോട്ടെത്തുമെന്ന്. ഞങ്ങളുടെ ക്രോധം യാഗാഗ്നിയായി അവിടെ ജ്വലിക്കുമെന്ന്. യുദ്ധമെന്ന ആ ഘോരയജ്ഞത്തിന് ഞാനും എത്തുമെന്ന് ആ ദുര്യോധനനോടു ചെന്നുപറയ്!' മറ്റുള്ളവരാരും ഒന്നും തന്നെ മിണ്ടിയില്ല. ദൂതൻ മടങ്ങിച്ചെന്ന്

**പക്ഷേ ചിലർ മാത്രം പറഞ്ഞു. 'യുധിഷ്ഠി രന്റെ യജ്ഞത്തിന്റെ പതിനാറിലൊന്നു പോലും വരില്ലാ ഈ യജ്ഞം' എന്നാൽ ദുര്യോധനനെ സ്തുതിക്കുന്ന ഘോഷമാണ് കൂടുതൽ ഉയർന്നുകേട്ടത്. 'അവിടുത്തെ യജ്ഞത്താൽ എല്ലാ പിതൃക്കളും സന്തുഷ്ട രായി സ്വർഗത്തിലേക്കു കയറിയിരിക്കുന്നു.'**

ദുര്യോധനനോടു വിവരമെല്ലാം ഉണർത്തിച്ചു.

യജ്ഞം കേമമായി നടന്നു. എല്ലാ ജന ങ്ങൾക്കും മൃഷ്ടാന്നവും വസ്ത്രങ്ങളും ധനവും വിവിധ ദാനങ്ങളും നൽകി സന്തോ ഷിപ്പിച്ചയച്ചതിനുശേഷം ദുര്യോ ധനൻ സഹോദരന്മാരുമൊത്തു രാജസഭയി ലെത്തി, പൂക്കളും ചന്ദനച്ചാറും വർഷിച്ച് രാജാവിനെ എതിരേറ്റ് സഭാവാസികളും പൗരന്മാരും ഗംഭീരമായ് ഈ യജ്ഞം എന്ന് സ്തുതിവചനങ്ങൾ പൊഴിച്ചു.

പക്ഷേ ചിലർ മാത്രം പറഞ്ഞു. 'യുധി ഷ്ഠിരന്റെ യജ്ഞത്തിന്റെ പതിനാറിലൊന്നു പോലും വരില്ലാ ഈ യജ്ഞം.' എന്നാൽ ദുര്യോധനനെ സ്തുതിക്കുന്ന ഘോഷമാണ് കൂടുതൽ ഉയർന്നുകേട്ടത്. 'അവിടുത്തെ യജ്ഞത്താൽ എല്ലാ പിതൃക്കളും സന്തുഷ്ട രായി സ്വർഗത്തിലേക്കു കയറിയിരിക്കുന്നു.' എന്നുള്ള വന്ദികളുടെ വാക്കുകൾ കേട്ട് ആനന്ദത്തോടെ അച്ഛനമ്മമാരുടെയും ഗുരുക്ക ന്മാരുടെയും പാദം തൊട്ടുവണങ്ങി സിംഹാ സനത്തിൽ ചെന്നിരുന്ന ദുര്യോധനനോട് കർണൻ പറഞ്ഞു. 'ഇനി അങ്ങ് പാണ്ഡവരെ കൊന്ന് രാജസൂയയജ്ഞം നടത്തും!' 'ഞാൻ രാജസൂയം നടത്തുക തന്നെ ചെയ്യു'മെന്ന് പ്രഖ്യാപിച്ച സുഹൃത്തിന്റെ കൈപിടിച്ചു കൊണ്ട് കർണൻ തുടർന്നു. 'ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു. അർജുനനെ കൊല്ലു ന്നതുവരെ ഞാൻ കാലു കഴുകിപ്പിക്കുകയില്ല, മാംസാഹാരം ഭക്ഷിക്കുകയില്ല. ആസുരമായ വ്രതം ഞാൻ ആരംഭിക്കുകയാണ്. ഈ വ്രത വേളയിൽ ആര് എന്തുചോദിച്ചാലും ഞാൻ ന ൽകുന്നതാണ്. അർജുനനെ ഞാൻ യുദ്ധ ത്തിൽ വധിക്കും. ഇതു കർണന്റെ സത്യം!'

ഈ വീരവചസ്സുകൾ കേട്ട് ദുര്യോ ധനൻ ആനന്ദാശ്രുക്കളോടെ കർണനെ ആശ്ലേഷിച്ചു. വാദ്യഘോഷങ്ങൾ മുഴങ്ങി. ദേവരാജനെപ്പോലെ ഐശ്വര്യത്തോടെ ദുര്യോധനൻ പാണ്ഡവരെ ഉന്മൂലനം ചെയ്യാനുള്ള മാർഗങ്ങൾ ആലോചിച്ചു കൊണ്ട് സുഹൃത്തുക്കളും സഹോദരന്മാരു മൊപ്പം പ്രതാപത്തോടെ നാടുവാണു.

*(തുടരും)*



വര: ജയേന്ദ്രൻ

ക്ലാസിക് പരിചയം




# ലൂസിയദ്സ്: കേരളത്തെപ്പറ്റി ഒരു പോർച്ചുഗീസ് മഹാകാവ്യം

**ഡോ. പി കെ രാജശേഖരൻ**

ഇന്ത്യയിൽ നൂറ്റാണ്ടുകൾ നീണ്ട യൂറോപ്യൻ സാമ്രാജ്യത്വാധിനിവേശം തുടങ്ങിവച്ചത് ഒരു പോർച്ചുഗൽകാരൻ നടത്തിയ അതിസാഹസികമായ കപ്പൽയാത്രയാണ്. വാസ്കോ ഡ ഗാമയുടെ യാത്ര. മൂന്നു കപ്പലുകളും അക്രമികളായ നാവികരുമായി 1498 മേയ് 20 ന് ഗാമ കോഴിക്കോട്ടു വന്നിറങ്ങിയ ചരിത്രം നിങ്ങൾക്കറിയാം. ഗാമയിലൂടെ ഇന്ത്യ പോർച്ചുഗലിന്റെ കോളനിയായി. പിന്നാലെ ഡച്ചുകാരും ഫ്രഞ്ചുകാരും ഒടുവിൽ ബ്രിട്ടീഷുകാരും. മറ്റുള്ളവരെല്ലാം ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഒതുങ്ങിനിന്നപ്പോൾ ബ്രിട്ടീഷുകാർ ഇന്ത്യ മുഴുവൻ അവരുടെ കൈപ്പിടിയിൽ ഒതുക്കി.

സുഗന്ധവ്യഞ്ജനങ്ങളും സ്വർണവുമൊക്കെ തേടി ഇന്ത്യയിലേക്കുള്ള കടൽമാർഗം കണ്ടുപിടിക്കാൻ വാസ്കോ ഡ ഗാമ നടത്തിയ ശ്രമം വിജയിച്ചതോടെ പോർച്ചുഗലിന്റെ സുവർണകാലം തുടങ്ങി. ഗോവയിൽ ആസ്ഥാനമുറപ്പിച്ച് അവർ ഒട്ടേറെ യുദ്ധങ്ങൾ നടത്തി. സാമൂതിരിരാജാക്കന്മാരുമായിട്ടായിരുന്നു പ്രധാന യുദ്ധങ്ങൾ. പോർച്ചുഗലിനു വീരനായകനാണു ഗാമയെങ്കിലും ഇന്ത്യയ്ക്കും കേരളത്തിനും ആ നാവികൻ ഒരു അധിനിവേശകൻ മാത്രമാണ്, കടന്നുകയറ്റക്കാരൻ. ഗാമയുടെ ഇന്ത്യായാത്രയെക്കുറിച്ചു പോർച്ചുഗീസുഭാഷയിൽ ഒരു മഹാകാവ്യമുണ്ട്. 'ലൂസിയദ്സ്'. ലൂയിസ് ദി കമോൻസ് എന്ന കവി രചിച്ച ആ കാവ്യത്തെ ദേശീയേതിഹാസമായി പോർച്ചുഗീസുകാർ ആദരിക്കുന്നു. ഇന്ത്യയും കേരളവുമാണ് 16-ാം നൂറ്റാണ്ടിൽ എഴുതിയ 'ലൂസിയദ്സി' ന്റെ പശ്ചാത്തലം. നമ്മുടെ തുഞ്ചത്തെഴുത്തച്ഛൻ അധ്യാത്മരാമായണവും മഹാഭാരതവും എഴുതിയ കാലത്തുതന്നെയാണ് 'ലൂസിയദ്സി' ന്റെ രചനയും. കമോൻസിന്റെ ചരമദിനമായ ജൂൺ 10 ആണ് ദേശീയദിനമായി പോർച്ചുഗൽ ആഘോഷിക്കുന്നത്.

പോർച്ചുഗലിന്റെ ദേശീയകവിയായ കമോൻസ് ജീവിച്ചത് ഇന്ത്യയിലാണ്. ഇഷ്ടംകൊണ്ടൊന്നുമല്ല അദ്ദേഹം ഇവിടെയെത്തിയത്. വിധി ഇന്ത്യയിൽ കൊണ്ടെത്തിച്ചു എന്നു പറയുകയാവും ശരി. വാസ്കോ ഡ ഗാമ മരിച്ചത് കൊച്ചിയിൽ വച്ചാണ്. 1524 ഡിസംബർ 24 ന്. ആ വർഷമാണ് പോർച്ചുഗലിൽ കമോൻസ് ജനിച്ചതും.

കമോൻസിന്റെ അച്ഛൻ ഗോവയിലാണു ജോലി ചെയ്തിരുന്നത്. മരിച്ചതും ഗോവയിൽത്തന്നെ. പോർച്ചുഗലിലെ കൊയിംബ്ര സർവകലാശാലയിൽ പഠിച്ച കമോൻസ് അരാജകജീവിതവുമായി ബിരുദം നേടാതെ പഠനം ഉപേക്ഷിച്ചു. തലസ്ഥാനമായ ലിസ്ബണിൽ എത്തിയ കമോൻസ് പല കുഴപ്പങ്ങളിലും ചെന്നു ചാടി. ഒരു നാടകമെഴുതി രംഗത്തവതരിപ്പിച്ചപ്പോൾ രാജാവിന്റെ അപ്രിയവുമുണ്ടായി.

ടാഗൂസ്നദിയിലെ ഒരു ദ്വീപിൽ കവിയെ രാജാവു ജോൺ മൂന്നാമൻ തടവിലടച്ചു. 1547 ൽ ആഫ്രിക്കയിലെ മൊറോക്കോയിലുള്ള സിയുറ്റ എന്ന പോർച്ചുഗീസു കോളനിയിലേക്കു നാടുകടത്തുകയും ചെയ്തു. അവിടെവച്ച് ഒരു ഏറ്റുമുട്ടലിൽ കമോൻസിന് ഒരു കണ്ണും നഷ്ടപ്പെട്ടു.

രണ്ടുവർഷം കഴിഞ്ഞു ലിസ്ബണിൽ തിരിച്ചെത്തിയ ഒറ്റക്കണ്ണനായ കമോൻസ് ഒരു അടിപിടിയിൽപ്പെട്ട് ജയിലിലായി. ഇന്ത്യയിലേക്കു കമോൻസിനെ അയക്കാനാണു രാജാവു നിശ്ചയിച്ചത്. 1593 ൽ അദ്ദേഹം കബ്രാൾ എന്ന പോർച്ചുഗീസു പടനായകനൊപ്പം ഗോവയിൽ എത്തി. അനേകം ദുരിതങ്ങൾ അനുഭവിച്ചും ഗോവയിലെ പോർച്ചുഗീസുകാർ കാണിക്കുന്ന അഴിമതികളിൽ മനംമടുത്തും കഷ്ടപ്പെട്ടു ജീവിച്ച കമോൻസ് അപ്പോഴാണു ഭാവിയിൽ തന്നെ കീർത്തിമാനാക്കാനിരുന്ന 'ലൂസിയദ്സി' ന്റെ രചനയിൽ മുഴുകിയത്. കടം തിരിച്ചു കൊടുക്കാത്തതിന്റെ പേരിൽ ഗോവയിലും അദ്ദേഹം ജയിലിൽ കിടന്നു. പതിനേഴു വർഷം ഇന്ത്യയിൽ കഴിഞ്ഞ ശേഷം 1570 ഏപ്രിൽ ഏഴിന് ആകെ തകർന്ന കമോൻസ് ജന്മദേശത്തു തിരിച്ചെത്തി. രണ്ടുവർഷം കഴിഞ്ഞ് 1572 ൽ കമോൻസ് തന്റെ കാവ്യം പ്രസിദ്ധീകരിച്ചു. എട്ടുവർഷം കൂടിയേ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ. ഭാവിയിൽ താൻ ദേശീയകവിയായി കൊണ്ടാടപ്പെടുമെന്നറിയാതെ 1580 ജൂൺ 10 ന് കഷ്ടപ്പാടുകൾക്കിടയിൽത്തന്നെ കമോൻസ് മരിച്ചു.

**ഗാമയുടെ ഇന്ത്യായാത്രയെക്കുറിച്ചു പോർച്ചുഗീസുഭാഷയിൽ ഒരു മഹാകാവ്യമുണ്ട്. 'ലൂസിയദ്സ്". ലൂയിസ് ദി കമോൻസ് എന്ന കവി രചിച്ച ആ കാവ്യത്തെ ദേശീയേതിഹാസമായി പോർച്ചുഗീസുകാർ ആദരിക്കുന്നു. ഇന്ത്യയും കേരളവുമാണ് 16-ാം നൂറ്റാണ്ടിൽ എഴുതിയ 'ലൂസിയദ്സി' ന്റെ പശ്ചാത്തലം. നമ്മുടെ തുഞ്ചത്തെഴുത്തച്ഛൻ അധ്യാത്മരാമായണവും മഹാഭാരതവും എഴുതിയ കാലത്തു തന്നെയാണ് 'ലൂസിയദ്സി' ന്റെ രചനയും.**

പോർച്ചുഗൽ എന്ന നാടു സ്ഥാപിച്ച ലൂസസ് എന്ന ദേവന്റെ മക്കൾ എന്നാണ് 'ലൂസിയദ്സ്' എന്ന വാക്കിനർഥം. പോർച്ചുഗീസ് ജനതയാണ് ആ സന്തതിപരമ്പര. അവരിൽ ഏറ്റവും മഹാന്മാരിലൊരാളായ വാസ് കോ ഡ ഗാമയെയാണു കമോൻസ് നായകനാക്കിയത്.

പത്തുസർഗങ്ങൾ ഉള്ള മഹാകാവ്യമാണ് 'ലൂസിയദ്സ്.' ഗാമയുടെ യാത്രയുടെ തുടക്കം വിവരിച്ചുകൊണ്ടു കാവ്യം ആരംഭിക്കുന്നു. ലിസ്ബണിൽ നിന്നു തുടങ്ങി ആഫ്രിക്കചുറ്റിയുള്ള ആ യാത്ര മഹാകാവ്യങ്ങളുടെ ആലങ്കാരികരീതിയിൽ കവി വിവരിക്കുന്നു. മെലിന്ദ എന്ന ആഫ്രിക്കൻരാജ്യത്തെത്തിയ ഗാമ അവിടുത്തെ രാജാവിനോടു യൂറോപ്പിന്റെയും പോർച്ചുഗലിന്റെയും ചരിത്രം വിവരിച്ചു കേൾപ്പിച്ചു. മെലിന്ദയിലെ രാജാവ് ഇന്ത്യയിലേക്കു വഴികാട്ടാൻ ഒരു നാവികനെ ഗാമയ്ക്കു നൽകി. സാഹസികമായ സഞ്ചാരത്തിനുശേഷം ഒടുവിൽ അവർ കോഴിക്കോട്ടെത്തി. കോഴിക്കോട്ടു കണ്ട ആഫ്രിക്കക്കാരനായ ഒരു വ്യാപാരി ഇന്ത്യയുടെ ചരിത്രവും ജനങ്ങളുടെ ജീവിതവുമെല്ലാം ഗാമയ്ക്കു വിശദമായി പറഞ്ഞുകൊടുത്തു. സാമൂതിരിയെ ഗാമ കാണുന്നതും യുദ്ധം ചെയ്യുന്നതുമെല്ലാം 'ലൂസിയദ്സി'ൽ കമോൻസ് വിശദമായി വിവരിക്കുന്നുണ്ട്. പോർച്ചുഗീസ് കാഴ്ചപ്പാടിലായതുകൊണ്ട് അതിൽ നിന്ന് അന്നത്തെ യഥാർത്ഥചരിത്രം മനസ്സിലാക്കാൻ നമുക്കു കഴിയില്ലെന്നു മാത്രം. ഗാമയ്ക്കു ശേഷം ഇന്ത്യയിലേക്കു വന്ന പോർച്ചുഗീസു കപ്പിത്താന്മാരുടെ വീരത്വവുമെല്ലാം അവതരിപ്പിച്ചാണ് 'ലൂസിയദ്സ്' അവസാനിക്കുന്നത്. ഐതിഹ്യങ്ങളും ഗ്രീക്കുപുരാണകഥകളുമെല്ലാം കോർത്തിണക്കിയ ലൂസിയദ്സ് അത്ഭുതകരമായ കാവ്യമാണ്. പോർച്ചുഗീസു സാഹിത്യത്തിൽ അതിനു മഹാഭാരത പദവിയുണ്ട്.






# പ്രതീക്ഷകൾ മോഷ്ടിക്കപ്പെടുമ്പോൾ

**വിനു എ**

**സിനിമാ ആസ്വാദകരുടെയും നിരൂപകരുടെയും ശ്രദ്ധ നേടിയെടുത്ത ഇറ്റാലിയൻ സിനിമയായിരുന്നു ബൈസിക്കിൾ തീവ്സ്. രണ്ടാം ലോകയുദ്ധത്തിനുശേഷം ഇറ്റലിയുടെ ദുരിതാവസ്ഥ പ്രതിപാദിക്കുന്ന ഈ സിനിമ നിയോ റിയലിസ്റ്റിക് സിനിമയുടെ ഏറ്റവും മികച്ച ഉദാഹരണമാണ്.**

ഒരു ബൈസിക്കിളിനെ ചുറ്റിപ്പറ്റിയുള്ള കഥയാണ് ഇറ്റാലിയൻ സിനിമയായ ദ ബൈസിക്കിൾ തീവ്സ് (ലാദ്രി ഡി ബൈസിക്ലെറ്റേ, 1948) പറയുന്നത്. ല്യൂഗി ബാർട്ടോലിനിയുടെ ഇതേ പേരിലുള്ള നോവലിന് വിറ്റോറിയോ ഡി സിക്ക നൽകിയ ചലച്ചിത്രരൂപമാണ് ഇത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നേരിട്ട കെടുതികളും ദാരിദ്ര്യവും തൊഴിലില്ലായ്മയും വീർപ്പുമുട്ടിച്ച ഇറ്റലിയുടെ ദുരിതാവസ്ഥ പ്രതിപാദിക്കുന്ന സിനിമയാണ് ബൈസിക്കിൾ തീവ്സ്. സാധാരണക്കാരുടെ ജീവിതത്തെ അതേപടി പകർത്തുന്ന ഈ സിനിമ നിയോ റിയലിസ്റ്റിക് സിനിമയുടെ ഏറ്റവും മികച്ച ഉദാഹരണമാണ്.

സിനിമാആസ്വാദകരുടെയും നിരൂപകരുടെയും ശ്രദ്ധ നേടിയെടുത്ത ഈ സിനിമ എക്കാലത്തെയും മികച്ച ചിത്രങ്ങളിലൊന്നായി കരുതപ്പെടുന്നു. തൊഴിലില്ലായ്മയുടെ രൂക്ഷമായ സാഹചര്യങ്ങളെയാണ് സിനിമ കാണിച്ചുതരുന്നത്. മുഖ്യകഥാപാത്രമായ റിച്ചി അന്തോണിയോ തൊഴിലില്ലായ്മയുടെ പ്രശ്നം അനുഭവിക്കുന്ന വ്യക്തിയാണ്. ഭാര്യ മരിയയോടും മകൻ ബ്രൂണോയോടുമൊപ്പമുള്ള അയാളുടെ ജീവിതത്തിലെ വലിയ പ്രശ്നം ദാരിദ്ര്യം തന്നെയാണ്. തൊഴിലില്ലാതെ കഴിയുന്ന നിരവധി പേരുടെ പ്രതിനിധിയാണ് അയാൾ. ഒരു തൊഴിലിനായുള്ള അയാളുടെ അന്വേഷണം നീണ്ടുപോകുന്നു.

എംപ്ലോയ്മെന്റ് ഓഫീസിനു മുന്നിൽ ജോലി ലഭിക്കുമെന്ന പ്രതീക്ഷയിൽ ഓരോ ദിവസവും എത്തിച്ചേരുന്നത്

നിരവധി പേരാണ്. കാത്തിരിപ്പിനൊടുവിൽ ഒരു ദിവസം അന്തോണിയോക്ക് ഒരു തൊഴിൽ ലഭിക്കുന്നു. മതിലുകളിൽ പോസ്റ്റർ പതിക്കുന്ന ഒരു തൊഴിൽ. എന്നാൽ ആ തൊഴിൽ കിട്ടണമെങ്കിൽ ഒരു സൈക്കിൾ സ്വന്തമായി വേണമായിരുന്നു. സൈക്കിൾ ഉള്ള ആൾക്ക് ആ തൊഴിൽ ലഭിക്കുമെന്നത് അന്തോണിയെ അസ്വസ്ഥനാക്കുന്നു. അയാളുടെ ഭാര്യ ഒരു പ്രതിവിധി കണ്ടെത്തുന്നു. വീട്ടിലെ കിടക്കവിരികൾ പണയമായി വച്ച് സൈക്കിൾ വാങ്ങാനുള്ള പണം കണ്ടെത്തുന്നു. ആ വീട്ടിലെ ഏറ്റവും വിലപിടിപ്പുള്ളവയായിരുന്നു ആ കിടക്കവിരികൾ.

## ജോലി ലഭിക്കുന്നു

അങ്ങനെ ഒരു പഴയ സൈക്കിൾ സംഘടിപ്പിച്ച് അന്തോണിയോ ജോലിയിൽ പ്രവേശിക്കുന്നു. തെരുവിൽ പോസ്റ്റർ പതിക്കവേ, അയാളുടെ സൈക്കിൾ ഒരാൾ തട്ടിയെടുത്തു കടന്നുകളയുന്നു. ചുവരിൽ ചാരിവെച്ച ഏണിയിൽ നിന്ന് പോസ്റ്റർ പതിക്കുന്ന അയാൾക്കു തന്റെ സൈക്കിൾ മോഷ്ടിച്ചവനെ കാണാൻ സാധിക്കുന്നുണ്ട്. അവന്റെ പിന്നാലെ കുതിച്ചുവെങ്കിലും അവനെ പിടികിട്ടുന്നില്ല. സൈക്കിളിന്റെ നഷ്ടപ്പെടൽ അയാൾക്കുണ്ടാക്കുന്നത് വലിയ പ്രശ്നങ്ങളാണ്. സൈക്കിൾ നഷ്ടപ്പെട്ടാൽ ജോലി നഷ്ടപ്പെടുമെന്നത് അയാളെ ആകുലനാക്കുന്നു. വീട്ടിലെ സമ്പാദ്യങ്ങളെല്ലാം നഷ്ടപ്പെട്ടതും തൊഴിൽ ചെയ്ത് അതൊക്കെ നേടാമെന്ന പ്രതീക്ഷയും അയാൾക്കു മുന്നിൽ നിൽക്കുന്നു.

പൊലീസിൽ പരാതി പറയാൻ ചെല്ലുന്ന അയാൾക്കു നല്ല പ്രതികരണമല്ല ലഭിച്ചത്. യുദ്ധം തീർത്ത അസ്വസ്ഥത വല്ലാതെ ഓരോ മേഖലയെയും ബാധിച്ചിരുന്നു. ഭരണകൂടത്തിന്റെ ചുമതലകളും കടമകളുമെല്ലാം



ശിഥിലമായിരുന്നു. അയാളുടെ പരാതി പൊലീസ് കാണുന്നത് ചെറിയ സംഭവമെന്ന നിലയിലാണ്. നിരന്തരം അത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന നഗരമാണത്. പിന്നീട് മകനോടൊപ്പം നഗരത്തിലെ തെരുവുകളിലൂടെ സൈക്കിൾ അന്വേഷിച്ച് അയാൾ നടക്കുന്നു. അയാളുടെ അന്വേഷണത്തിൽ ഒരു പ്രതീക്ഷയുണ്ടാകുന്നു. അയാളുടെ സൈക്കിളിന് സമാനമായ ഒന്നു കണ്ടെത്തുന്നു. എന്നാൽ അതിന്റെ നമ്പറുകൾ സമാനമായിരുന്നില്ല.

## യുദ്ധാനന്തര ജീവിതങ്ങൾ

നഗരത്തിന്റെ കാഴ്ചകളിൽ യുദ്ധം തീർത്ത ഭീകരാവസ്ഥ തെളിഞ്ഞുകാണാം. തൊഴിലില്ലായ്മ തീർത്ത അസ്വസ്ഥതകൾ ഓരോ മുഖത്തും കാണാനാവും. പുനർനിർമിക്കുവാൻ സാധിക്കാത്ത വിധത്തിലെത്തിനിൽക്കുന്ന ബന്ധങ്ങളുടെ കാഠിന്യമാണ് നഗരം പറഞ്ഞുതരുന്നത്. യുദ്ധവും സംഘർഷവും എത്രമാത്രം ഭീകരമാണെന്ന് സിനിമ നമുക്ക് കാണിച്ചുതരുന്നു. 1914 മുതൽ 1918 വരെ നീണ്ട

**മകനോടൊപ്പം സൈക്കിൾ അന്വേഷിച്ചുകൊണ്ടുള്ള അയാളുടെ യാത്ര ഹൃദയത്തെ സ്പർശിക്കുന്നതാണ്. ഒരു ഭാവിപ്രവാചകൻ അയാൾക്ക് ഒരു മുന്നറിയിപ്പു നൽകുന്നു. നിങ്ങളുടെ സൈക്കിൾ ഇന്ന് ലഭിക്കണം. അല്ലെങ്കിൽ അതൊരിക്കലും ലഭിക്കുകയില്ല.**



ഒന്നും 1939 മുതൽ 1945 വരെ നീണ്ട രണ്ടും ലോക മഹായുദ്ധങ്ങൾ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സൃഷ്ടിച്ചത് നിരവധി അനാഥരെയാണ്.


സാധാരണക്കാരുടെ ജീവിതം കഷ്ടതകളിൽ നിന്നും കൂടുതൽ കഷ്ടതകളിലേക്കു നയിക്കുകയാവും അതിന്റെ ഫലം. ജീവിതത്തെ തിരിച്ചുപിടിക്കുവാൻ സാധിക്കുമെന്ന ഘട്ടത്തിലേക്കു കടന്ന് അവിടെ നിന്നും വീണ്ടും തകർച്ചയിലേക്ക് എത്തിപ്പെടുകയാണ് അന്തോണിയോ. അയാൾക്കു തൊഴിലിൽ തുടരണമെങ്കിൽ തീർച്ചയായും സൈക്കിൾ തിരിച്ചുകിട്ടിയേ പറ്റൂ. അയാളെ സഹായിക്കുവാൻ സന്നദ്ധമാവുന്ന വിധത്തിലല്ല നഗരത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. നഗരത്തിൽ ഇപ്പോൾ ജീവിക്കുന്നവർ അന്തോണിയോയുടേതിനു സമാനമായ സാഹചര്യങ്ങൾ ഉള്ളവരാണ്. അവർക്കു ജീവിതം ത്യാഗപൂർണമായ ഒരനുഭവമായി മാറിത്തീർന്നിരിക്കുന്നു.

മകനോടൊപ്പം സൈക്കിൾ അന്വേഷിച്ചുകൊണ്ടുള്ള അയാളുടെ യാത്ര ഹൃദയത്തെ സ്പർശിക്കുന്നതാണ്. ഒരു ഭാവി പ്രവാചകൻ അയാൾക്ക് ഒരു മുന്നറിയിപ്പു നൽകുന്നു. നിങ്ങളുടെ സൈക്കിൾ ഇന്ന് ലഭിക്കണം. അല്ലെങ്കിൽ അതൊരിക്കലും ലഭിക്കുകയില്ല. കള്ളനെ കണ്ടെത്തി സൈക്കിൾ തിരികെ നേടുകയെന്ന ചിന്തയും അതിന്റെ നടത്തിപ്പും അയാൾക്കു വിശേഷിച്ചൊന്നും നൽകിയില്ല. കള്ളന്റെ വസതിയിൽ പൊലീസുമായി ചെല്ലുന്നുവെങ്കിലും അയാൾക്കു സൈക്കിൾ തിരികെ കിട്ടുന്നില്ല. മാത്രമല്ല, അയാൾ ആരോപിക്കുന്ന കുറ്റങ്ങൾ കള്ളനുമേൽ ഏൽപ്പിക്കപ്പെടുവാനുള്ള സാഹചര്യങ്ങളൊന്നുംതന്നെ നിലനിൽക്കുന്നില്ലായെന്നതാണു യാഥാർത്ഥ്യം.

കള്ളനെന്ന് അയാൾക്കു തീർച്ചയായും ഉറപ്പുള്ള ആളെ ചൂണ്ടിക്കാണിക്കുമ്പോൾ വീട്ടുകാരും അയൽക്കാരുമൊക്കെ അയാളെ നല്ലവനെന്നു വാഴ്ത്തി അന്തോണിയോയെ പഴിക്കുന്നു. അന്തോണിയോയെ കള്ളനും ആഭാസനുമായി മുദ്രകുത്തപ്പെടുന്നതോടെ അയാൾക്കു മറ്റു വഴികളൊന്നും ഇല്ലാതെ വരുന്നു. അയാളുടെ ചിന്തയിലേക്കു കടന്നുവരുന്നത് ഒരേ ഒരു വഴി മാത്രമാവുന്നു. അത് അത്രതന്നെ കഠിനമായി

അയാൾക്കു തോന്നുന്നു. എങ്കിലും തന്റെ മകനെയും ഭാര്യയെയും കുറിച്ചു ചിന്തിക്കുമ്പോൾ അയാളുടെ മുന്നിലുള്ളത് ആ വഴിയായി മാത്രം ചുരുങ്ങുന്നു.

ജീവിതത്തോട്, മനുഷ്യന്റെ വികാരങ്ങളോട് അത്രതന്നെ ചേർന്നുനിന്നുകൊണ്ടാണ് കഥ പറയുന്നത്. ചില സന്ദർഭങ്ങളിൽ നമുക്ക് ചിരി വരുമെങ്കിലും ജീവിതത്തിന്റെ വലിയ കാഴ്ചകൾ മുന്നിൽ ഭീതിയായി നിറയും. അത്രമാത്രം തന്മയത്വത്തോടെയാണു കഥാപാത്രങ്ങൾ ഈ സിനിമയിലുള്ളത്. യാതൊരു കൃത്രിമത്വവും തോന്നാത്ത യഥാർത്ഥമനുഷ്യന്റെ കഥ. അഭിനയമെന്നു തോന്നാത്ത വിധത്തിലുള്ള അവതരണമാണ് സിനിമയുടെ ഏറ്റവും വലിയ ആകർഷണമെന്നു പറയാം. തെരുവും സിനിമയിൽ നാം കാണുന്ന ഓരോ കാര്യങ്ങൾ വരെ കൃത്യമായി അവയുടെ കടമകൾ നിറവേറ്റിക്കൊണ്ടാണ് നമ്മുടെ കാഴ്ചകളിൽ നിറയുന്നതും ചിന്തയിൽ കനലാവുന്നതും.


വിറ്റോറിയ ഡിസീക്ക

## കളവിലേക്ക്

വിഫലമായ തിരച്ചിലിനൊടുവിൽ മകന്റെ കൈ പിടിച്ചു തിരക്കിലൂടെ അയാൾ നടക്കുന്നു. ആ വഴിയിൽ കുറെ സൈക്കിളുകൾ പാതയോരത്തു നിർത്തിയിട്ടത് അവർ കാണുന്നു. അയാളുടെ മനസ്സിലേക്കു കടന്നുവരുന്നത് സംഘർഷങ്ങളാണ്. തൊഴിൽ നഷ്ടപ്പെടുന്നതോടെ അയാളുടെ പദ്ധതികളെല്ലാം അവതാളത്തിലാവും. ഉണ്ടായിരുന്ന സമ്പാദ്യങ്ങളെല്ലാം നഷ്ടപ്പെടുത്തിയാണ് അയാൾ ഈ തൊഴിൽ നേടിയത്. മറ്റൊരു തൊഴിൽ ലഭിക്കുവാനുള്ള രീതികൾ ഇപ്പോഴുള്ളതിന് സമാനമായിരിക്കും. അതിനാൽ അത്തരമൊരു സാധ്യത ഇനിയുണ്ടോയെന്നത് പ്രസക്തമാവുന്നു.

കളികാണാൻ പോയവർ നിർത്തിയിട്ട സൈക്കിളുകൾ അയാളെ മോഹിപ്പിക്കുന്നു. അടുത്തെങ്ങും ആരുമില്ലെന്ന് ഉറപ്പാക്കിയ അയാൾ ഒരു സൈക്കിൾ കണ്ടെത്തുന്നു. മകനോട് അവിടെ നിന്നും വേഗത്തിൽ പോകുവാനായി പറയുകയും പോകുവാനുള്ള കാശ് കൊടുക്കുകയും ചെയ്യുന്നു. മകൻ ദൂരെ എത്തിയെന്ന് ഉറപ്പാക്കിയ അയാൾ അടുത്തെങ്ങും ആരുമില്ലെന്ന് ഒരിക്കൽ കൂടി ഉറപ്പാക്കിയശേഷം ഒരു സൈക്കിൾ കടന്നെടുത്ത് അതിൽ ചാടിക്കയറി ഓടിച്ചു പോവാൻ ശ്രമിക്കുന്നു. എന്നാൽ നിമിഷനേരം കൊണ്ടു കള്ളനെന്ന മുറവിളിയാണ് അയാളെ എതിരേറ്റത്. അയാൾ പിടിക്കപ്പെടുന്നു.

ആളുകൾ കൂട്ടംകൂടി അയാളെ മർദിക്കുകയും പൊലീസിൽ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. ശബ്ദംകേട്ട് മകൻ ഓടിയെത്തുന്നു. നിസ്സഹായനായി മകൻ നോക്കിനിൽക്കുകയും അച്ഛന്റെ കൈകളിൽ കടന്നുപിടിക്കുകയും ചെയ്യുന്നു. ആളുകൾ പരിഹാസത്തോടെ അയാളെ കളിയാക്കുകയും അവിടെ നിന്നും ഓടിപോകുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. അപമാനിതനായി ആ തെരുവിലെ ആൾക്കൂട്ടത്തിലേക്ക് ആ അച്ഛനും മകനും നടന്നു മറയുമ്പോൾ സിനിമ അവസാനിക്കുന്നു. തീവ്രതയേറിയ കാഴ്ചയായി ഈ സിനിമ നമ്മുടെ ഓർമകളിൽ മങ്ങാതെ നിൽക്കും.

## വിറ്റോറിയ ഡിസീക്ക

1901 ജൂലൈ 7 ന് ഇറ്റലിയിലെ സോറയിൽ ജനിച്ച വിറ്റോറിയ ഡിസീക്ക സിനിമാസംവിധായകനും നടനുമെന്ന നിലയിൽ പ്രശസ്തനാണ്. നിയോറിയലിസ്റ്റ് സിനിമകളുടെ വക്താവെന്ന നിലയിലാണ് സിനിമാലോകം അദ്ദേഹത്തെ കാണുന്നത്. ബൈസിക്കിൾ തീവ്സിനു പുറമേ അക്കാദമി അവാർഡ് നേടിയ സ്ക്യൂഷിയ, ഉംബെർട്ടോ ഡി, ടു വുമൻ, ലാസ്റ്റ് ജഡ്ജ്മെന്റ് തുടങ്ങിയ സിനിമകളും അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. 1973 നവംബർ 13 ന് അദ്ദേഹം അന്തരിച്ചു.

# ഇളം തളിർ

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## സ്വർണപ്പൂവ്

വര: ഗോപു പട്ടിത്തറ

**ശ്രീലക്ഷ്മി പി**

വല്ലുതേപ്പു കഴിഞ്ഞ് കുളിക്കാൻ അമ്മയെയും കാത്തുനിൽക്കുകയാണ് അമ്മു. അമ്മ വന്നിട്ടു വേണം അങ്കം തുടങ്ങാൻ. രാവിലെ എഴുന്നേൽക്കുമ്പോൾ മുതൽ ചെയ്യുന്ന പലകാര്യങ്ങളും അമ്മുവിനു ഇഷ്ടമില്ലാത്തതാണ്.



അമ്മ വന്ന് അടുത്തേക്കു പിടിച്ചുനിർത്തി എണ്ണ തേപ്പിച്ചു കുളിപ്പിക്കാനും തുടങ്ങി. ചകിരികൊണ്ടുള്ള തേപ്പ് അവൾക്കു തീരെ ഇഷ്ടമല്ല. കുളിയങ്കം കഴിയുമ്പോൾ മേലാകെ ഒരു നീറ്റലുണ്ടാകും. തലതോർത്തിക്കൊടുക്കുമ്പോൾ തോന്നും അമ്മയ്ക്ക് അവളോട് എന്തോ വൈരാഗ്യം ഉണ്ടെന്ന്. അതു കഴിഞ്ഞ് കാതിലിട്ടിരിക്കുന്ന കമ്മൽ മുറുക്കിക്കൊടുക്കും.

അടുത്തതു തലമുടികെട്ടലും ഭക്ഷണം കഴിക്കലും കോലാഹലം. വഴിയിലേക്ക് ഇറങ്ങുമ്പോൾ അമ്മ പറയും റോഡിന്റെ അരികിൽ കൂടെ നടക്കണം, റോഡു മുറിച്ചു കടക്കുമ്പോൾ നന്നായി ശ്രദ്ധിക്കണം.

രാവിലെ സ്കൂളിൽ പോകുമ്പോൾ അവൾക്ക് ഒരു പാടു ചിന്തകളും അങ്കലാപ്പും ഒക്കെയാണ്. കാരണം സമയത്തിനു ക്ലാസ്സിൽ എത്തണം. തലേദിവസം കൊടുത്ത ഹോംവർക്ക് അവിടെ ചെന്നിട്ടു വേണം എഴുതാൻ...

തിരിച്ചു വരുമ്പോഴല്ലേ രസം. അമ്മുവിനു കുറച്ചു കൂട്ടുകാരുണ്ട്. സ്ഥിരമായി അവർ സമയം ചില വഴിക്കുന്നത് ഓവ് പാലത്തിന്റെ അടിയിലും മുകളിലുമായാണ്. എത്ര മീനുകളും വാൽമാക്രികളും ആ വെള്ളത്തിൽ ഉണ്ടാകുമെന്നറിയോ?

പാലത്തിന്റെ മുകളിലും താഴെയുമായി



പടർന്നു കിടക്കുന്ന ചെടിയിൽ നിറയെ മഞ്ഞ നിറത്തിലുള്ള പൂവുകൾ ഉണ്ട് അമ്മുവും കൂട്ടുകാരിയും യൂണിഫോം പാവാടയിലേക്കു കുറേ പൂക്കൾ പറിച്ചിട്ടു കൊണ്ടുപോയി മാലകെട്ടാനായിരുന്നു ഉദ്ദേശ്യം. പൂകൊണ്ടുള്ള മാല കുട്ടുകാരിയുടെ കഴുത്തിൽ ഇടുന്നതായിട്ട് അമ്മു സങ്കല്പിച്ചു. അപ്പോഴാണ് അമ്മു ഒരു കാര്യം ശ്രദ്ധിച്ചത്. അമ്മുവിന്റെ കൂട്ടുകാരിക്ക് കമ്മലില്ല. അപ്പോഴൊരു സൂത്രം തോന്നി. അവൾക്കു പൂ കൊണ്ടു കമ്മലിട്ടു കൊടുത്തു. എല്ലാവരും കൗതുകത്തോടെ നോക്കി. എന്തൊരു ഗമയാ അവൾക്ക്?

അമ്മ മുറുക്കിക്കൊടുത്ത കമ്മൽ അമ്മു അഴിച്ചു. എന്നിട്ട് അവളും കാതിൽ പൂകൊണ്ടു കമ്മലിട്ടു. വീട്ടിൽ എത്താറാവുമ്പോൾ മാറ്റാം. അമ്മു വിചാരിച്ചു. കളിച്ചു കളിച്ച് വീട്ടിലെത്തി. അമ്മു കമ്മൽ മാറ്റിയിടാൻ മറന്നു. ഒറ്റനോട്ടത്തിൽ തന്നെ അമ്മ ഞെട്ടി. 'കമ്മലെവിടെ?' അമ്മു പരുങ്ങി കുറച്ചു മാറി നിന്നിട്ടു പറഞ്ഞു 'ബാഗിലുണ്ട്.' എന്നിട്ട് അവിടന്നു മുറിയിലേക്കോടി. ബാഗു മുഴുവനും തപ്പിനോക്കി. ഒരു കമ്മലേ കിട്ടിയുള്ളൂ. അമ്മയും മുറിയിലെത്തി. കൈയിൽ പുളിവാറലും ഉണ്ടായിരുന്നു. പിന്നെന്താ? ചോദ്യോം പറച്ചിലും അടിയുടെ പൂരോം. 'ഇനി പൂവും കായും ഒക്കെ ഇട്ടു നടന്നാമതി.' അമ്മ പറഞ്ഞു. പക്ഷേ അതിൽ അമ്മുവിനു തീരെ വിഷമം തോന്നിയില്ല. വരുന്നവരോടും പോണവരോടും എല്ലാം അമ്മ അതുതന്നെ പറഞ്ഞു. പക്ഷേ അമ്മൂന് നാണക്കേടൊന്നും തോന്നിയില്ല.

കൈയിലും കാലിലും ഒക്കെ അടികൊണ്ട നോവ്. ഉറങ്ങാൻ കിടക്കുമ്പോൾ അമ്മു ചുവരിലേക്കു നോക്കി. കൃഷ്ണനും രാധയും. രണ്ടുപേരുടെയും കഴുത്തിൽ പൂമാലകൾ. അവർക്കു പൂകൊണ്ടു മാലയിടാം. എനിക്കെന്തുകൊണ്ടു പൂ കൊണ്ടു കമ്മലിട്ടുകൂടാ? സ്വർണത്തിനെക്കാളും കാണാൻ ഭംഗി പൂവിനല്ലേ. ആരോടെങ്കിലും ചോദിച്ചാലോന്ന് അവൾക്കു തോന്നി. ആരോടു ചോദിക്കാൻ? പാവം അമ്മു. ചോദിച്ചാൽ തന്നെ നമുക്കല്ലാതെ വേറെ ആർക്കെങ്കിലും അത് മനസ്സിലാവോ?

*(തിരൂർ മലയാളം സർവകലാശാലയിലെ ആദ്യവർഷ വിദ്യാർത്ഥിനിയാണ് ശ്രീലക്ഷ്മി പി. തിരുവനന്തപുരത്തുള്ള അഭയയിലെ കുട്ടിയാണ്.)*

# ഏകാന്തതയും ഞാനും



**ദേവിനന്ദന എം ആർ**
**ക്ലാസ്സ് 6 സി,**
**ശ്രീ ഗോകുലം പബ്ലിക് സ്കൂൾ**

ഇന്നീ മഴമാഞ്ഞു,
ഇരുൾ മൂടിയ രാത്രിയിൽ
ഈ കടൽത്തീരത്ത്
ഞാൻ ഏകയാണ്.

എനിക്കിന്ന് കൂട്ടിന്
ഈ കടലിന്റെ ഇരമ്പം മാത്രം ബാക്കി

തൂമഞ്ഞു പൊഴിയുന്ന
ഈ രാവിൽ
തിരമാലകളുടെ തണലിലേക്ക്
എന്നെ ഏകയാക്കി
എന്തിനു നീ പോയി മറഞ്ഞു

ഒരു പൂവ് കൊഴിഞ്ഞ്
ഒരു ചെടിയിൽ നിന്നകന്നാലും
ഒരു തൂവൽ കൊഴിഞ്ഞ്
ഒരു ചിറകിൽ നിന്നകന്നാലും

ഇവിടെയുണ്ടാകും
ഈ കടലും തിരമാലകളും ഞാനും.

ഉണ്ടാക്കാം

# ബലൂണിനൊരു കെട്ടില്ലാക്കെട്ട്!


**അരവിന്ദ് ഗുപ്ത**

വീർപ്പിച്ച ബലൂണിന് ചരടും കാർഡ്ബോർഡും കൊണ്ട് ഒരു കെട്ടില്ലാകെട്ട് ഇട്ടാലോ!!



**ആവശ്യമുള്ള സാധനങ്ങൾ**

- ബലൂൺ
- കട്ടിയുള്ള കാർഡ്ബോർഡ്
- ചരട്
- കത്രിക



1 കാർഡ്ബോർഡിൽ നടുവിലായി ഒരു ചെറിയ തുളയിടുക.



2 വീർപ്പിച്ച ബലൂണിന്റെ അടിഭാഗത്തായി ചരടു വയ്ക്കാം.




3 കാർഡ്ബോർഡിനുള്ളിലൂടെ ചരടിന്റെ രണ്ടു വശങ്ങളും കോർത്തെടുക്കാം.



4 ഇനി ചരട് താഴേക്കു വലിക്കൂ.. ചരടിനൊപ്പം ബലൂണിന്റെ അറ്റവും താഴേക്കുപോരും.



5 ബലൂണിന്റെ കഴുത്ത് കൃത്യമായി കാർഡ്ബോർഡിനുള്ളിൽ കുടുങ്ങിയിരിക്കുന്നതു നോക്കൂ..



6 ഈ കെട്ടില്ലാക്കെട്ട് ഇടുമ്പോൾ കാർഡ്ബോർഡിലെ സുഷിരത്തിന്റെ വലിപ്പം കൂടിപ്പോകാതെ നോക്കണേ.



7 ചരട് ഉള്ളിടത്തോളം കാലം ബലൂൺ വീർത്തുതന്നെ ഇരിക്കും! ഇനി പറപ്പിച്ചു രസിക്കാം...





Printed and Published by **Dr. Nedumudi Harikumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം


ഭരണിക്കാവ് കൃഷ്ണൻ


5 കൊണ്ട് സാഹിത്യകാരൻ ബഷീറിനെ വരയ്ക്കാം.





ആനയെ വരച്ചിരിക്കുന്നത് ഏതെല്ലാം അക്ഷരങ്ങളും അക്കങ്ങളും കൊണ്ടെന്നു കണ്ടെത്തൂ.





**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70
Regd KL/TV (N)/399/2015-2017

April 2015
Published on 29-3-2015 Vol:21, Issue:4 ₹15

# കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ




## നന്മയുടെ നടവഴികൾ

കേരളത്തിന്റെ നാട്ടിട
വഴികളിലൂടെ ഒരു യാത്ര.

രചന : മുരളീധരൻ തഴക്കര
ചിത്രീകരണം: രാജീവ് എൻ ടി

വില 150രൂപ
വലിപ്പം - ക്രൗൺ 1/4

## പൂച്ചയുറക്കം

മനോഹരങ്ങളായ
കുട്ടിക്കവിതകളുടെ സമാഹാരം

രചന :വി എം ഗിരിജ
ചിത്രീകരണം : ബാബുരാജൻ

വില 65രൂപ
വലിപ്പം ക്രൗൺ 1/4

